2023
OCTOBER
21
SATURDAY
Special Issue-e Paper

# സൊസൈറ്റി ടുഡേ

E-mail: societytodaynews@gmail.com

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# രണ്ട് യുഎസ് ബന്ദികളെ മോചിപ്പിച്ച് ഹമാസ്

## തീരുമാനം ഖത്തറിന്റെ മധ്യസ്ഥതയിൽ

**ഗാസ സിറ്റി:** ഗാസയിൽ ബന്ദികളാക്കിയ രണ്ട് യുഎസ് വനിതകളെ മോചിപ്പിച്ച് ഹമാസ്. യുഎസ് പൗരന്മാരായ ജൂഡിത് റാനൻ( 59), മകൾ നേറ്റില റാനൻ(18) എന്നിവരെയാണ് ഹമാസ് മോചിപ്പിച്ചത്. ഇസ്രയേലിൽ ഒക്ടോബർ ഏഴിനു ഹമാസ് നടത്തിയ മിന്നലാക്രമണത്തിനു പിന്നാലെ പിടിച്ചുകൊണ്ടു പോയ ഇരുന്നോറോളം പേരിൽ ഉൾപ്പെട്ടവരാണ് ഇവർ. ഇരുവരും വെള്ളിയാഴ്ച രാത്രിയോടെ ഇസ്രയേലിൽ തിരിച്ചെത്തിയതായി ഇസ്രയേൽ സർക്കാർ അറിയിച്ചു.

ഇരുവരുടെയും ആരോഗ്യസ്ഥിതിയെ കുറിച്ച് കൂടുതൽ വിവരങ്ങളൊന്നും പുറത്തുവന്നിട്ടില്ല. യുഎസ് വനിതകളുടെ മോചനത്തിൽ പ്രസിഡന്റ് ജോ ബൈഡൻ സന്തോഷം രേഖപ്പെടുത്തി. സ്വതന്ത്രരായതിനു പിന്നാലെ ബൈഡൻ അമ്മയോടും മകളോടും ഫോണിൽ സംസാരിച്ചു. കുടുതൽ ബന്ദികളെ മോചിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഖത്തറും ഈജിപ്തുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണെന്ന് ഹമാസ് അറിയിച്ചു.



ഗാസയിലെ റെഡ് ക്രോസ് സംഘത്തിന് ഹമാസ് കൈമാറിയ ജൂഡിത്തിനെയും നേറ്റിലയേയും പിന്നീട് ഇസ്രയേലിന്റെ സൈനിക കേന്ദ്രത്തിലേക്ക് കൊണ്ടുപോയി. ഇവിടെ ഇവർ കുടുംബാംഗങ്ങൾക്കൊപ്പം ചേർന്നതായാണ് വിവരം. ഒക്ടോബർ ഏഴിന് ഗാസ അതിർത്തിയിൽനിന്നാണ് അമ്മയേയും മകളേയും ഹമാസ് തട്ടിക്കൊണ്ടുപോയത്. ഇരുവരും ഇസ്രയേലിൽ അവധിയാഘോഷത്തിലായിരുന്നു. ബൈഡന്റെ ഇസ്രയേൽ സന്ദർശനം കഴിഞ്ഞ് രണ്ടു ദിവസത്തിനു ശേഷമാണ് അമേരിക്കൻ വനിതകളുടെ മോചനം.

അതേസമയം, വടക്കൻ ഗാസയിലെ സഹറ മേഖല അപ്പാടെ ഇസ്രയേൽ വ്യോമാക്രമണത്തിൽ തകർത്തു. ഗാസ സിറ്റിയിൽ നൂറുകണക്കിനുപേർ അഭയം തേടിയിരുന്ന ഗ്രീക്ക് ഓർത്തഡോക്സ് പള്ളിയും തകർക്കപ്പെട്ടു. കരയാക്രമണത്തിനു ഗാസയിലേക്കു കടക്കാനുള്ള ഉത്തരവ് ഉടനെത്തുമെന്ന് അതിർത്തിയിലെ സൈനികരെ സന്ദർശിച്ച ഇസ്രയേൽ പ്രതിരോധമന്ത്രി യയാവ് ഗലാന്റ് അറിയിച്ചു. ഇതിനിടെ, കയ്റോയിൽ ഇന്നു നടക്കുന്ന സമാധാന ഉച്ചകോടിയിൽ മഹ്മൂദ് അബ്ബാസിനും യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസിനും പുറമേ 14 രാജ്യങ്ങളിൽ നിന്നുള്ള നേതാക്കളും പങ്കെടുക്കും.



# ലാപ്ടോപ്, പിസി, ടാബ്‌ലെറ്റ് ഇറക്കുമതിക്ക് നിയന്ത്രണമില്ല

**ന്യൂഡൽഹി:** വിദേശത്തുനിന്ന് ലാപ്ടോപ്, പഴ്സനൽ കംപ്യൂട്ടർ (പിസി), ടാബ്!ലെറ്റ് അടക്കമുള്ളവ ഇറക്കുമതി ചെയ്യുന്നതിന് ഒരു വർഷത്തേക്ക് കർശന നിയന്ത്രണങ്ങളുണ്ടാകില്ല.

ഇറക്കുമതിക്ക് 2024 സെപ്റ്റംബർ 31 വരെ ലൈസൻസ് ആവശ്യമില്ല. പകരം വരുന്ന നവംബർ 1 മുതൽ കമ്പനികൾ ഓൺലൈനായി റജിസ്റ്റർ ചെയ്ത് സർക്കാരിൽ നിന്ന് ഓതറൈസേഷൻ വാങ്ങിയാൽ മതി. അപേക്ഷിക്കുന്നവർക്കെല്ലാം ഉടനടി ഓതറൈസേഷൻ നൽകും.

കേന്ദ്രം ഓഗസ്റ്റിൽ ഏർപ്പെടുത്തിയ ഇറക്കുമതി നിയന്ത്രണമാണ് ഫലത്തിൽ ഒരു വർഷത്തേക്ക് നീട്ടിവയ്ക്കുന്നത്. ഇതോടെ ഒരു വർഷത്തേക്ക്  വിപണിയിൽ ലാപ്ടോപ്പുകളുടെ ലഭ്യത കുറയാനും, വില കൂടാനുമുള്ള സാധ്യത ഒഴിവായി. ഇന്ത്യയിൽ തന്നെ ലാപ്ടോപ് അസംബ്ലിങ് പദ്ധതികൾ ആവിഷ്കരിക്കാൻ കമ്പനികൾക്ക് കൂടുതൽ സമയവും ലഭിക്കും.

ഇന്ത്യയുടെ ഇറക്കുമതി നിയന്ത്രണത്തെക്കുറിച്ച് ലോക വ്യാപാര സംഘടനയുടെ യോഗത്തിൽ യുഎസ്,ചൈന, ദക്ഷിണ കൊറിയ, തയ്‌വാൻ തുടങ്ങിയ രാജ്യങ്ങൾ ആശങ്ക പ്രകടിപ്പിച്ചിരുന്നു.

ഇറക്കുമതിക്ക് കേന്ദ്രം നിയന്ത്രണം ഏർപ്പെടുത്തിയത് ഓഗസ്റ്റ് ആദ്യവാരമാണ്. അപ്രതീക്ഷിതമായി ഇറങ്ങിയ ഉത്തരവ് വിപണിയിൽ കാര്യമായ പ്രത്യാഘാതമുണ്ടാക്കുമെന്ന് വിമർശനമുയർന്നിരുന്നു. തുടർന്ന് 3 മാസത്തേക്ക് തീരുമാനം മരവിപ്പിച്ചു. നവംബർ 1 മുതൽ ലൈസൻസിങ് സംവിധാനം പ്രാബല്യത്തിൽ കൊണ്ടുവരാനാണ് തീരുമാനിച്ചതെങ്കിലും കമ്പനികൾ കൂടുതൽ സാവകാശം ആവശ്യപ്പെടുകയായിരുന്നു.

ചൈനയിൽ നിന്നുള്ള ലാപ്ടോപ് ഇറക്കുമതിയെ ചെറുക്കുകയെന്നതാണ് കേന്ദ്രത്തിന്റെ പരോക്ഷ ലക്ഷ്യം.

കംപ്യൂട്ടറിന് ആവശ്യമായ ഘടകങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് നിയന്ത്രണമില്ല. ഇവ ഉപയോഗിച്ച് ഇന്ത്യയിൽ തന്നെ അസംബ്ലി ചെയ്യണമെന്നതാണ് കേന്ദ്രം കമ്പനികൾക്കു നൽകുന്ന സന്ദേശം.

# കേരള ചിക്കന് 208 കോടി രൂപയുടെ വിറ്റുവരവ്

**തിരുവനന്തപുരം:** കുടുംബശ്രീ ബ്രോയ്‌ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മുഖേന നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതിക്ക് 208 കോടി രൂപയുടെ വിറ്റുവരവ്. പദ്ധതി ആരംഭിച്ച 2019 മാർച്ച് മുതൽ ഇതു വരെയുള്ള വിറ്റുവരവാണിത്. നിലവിൽ പ്രതിദിനം ശരാശരി 25,000 കിലോഗ്രാം കോഴിയിറച്ചിയുടെ വിപണനമാണ് ഔട്‌ലെറ്റുകൾ വഴി നടക്കുന്നത്.

പൊതു വിപണിയെ അപേക്ഷിച്ച് ലഭിക്കുന്ന വിലക്കുറവും ഗുണനിലവാരവുമാണ് കേരള ചിക്കന് ഉപഭോക്താക്കൾക്കിടയിൽ സ്വീകാര്യത നൽകുന്നത്. പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്കരിച്ച കോഴി ഇറച്ചിയും മൂല്യവർധിത ഉൽപന്നങ്ങളും ഉടൻ വിപണിയിലെത്തിക്കും.

ഉപഭോക്താക്കൾക്ക് സംശുദ്ധമായ കോഴി ഇറച്ചി ലഭ്യമാക്കുക, കുടുംബശ്രീ അംഗങ്ങളായ വനിതകൾക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങൾക്കു തുടക്കമിട്ടത് 2019ൽ എറണാകുളം ജില്ലയിലാണ്. പിന്നീട് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം,  തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലേക്കും വ്യാപിപ്പിച്ചു. ഈ വർഷം തന്നെ കണ്ണൂരിലും പദ്ധതി ആരംഭിക്കും. നിലവിൽ പദ്ധതിയുടെ ഭാഗമായി  345 ബ്രോയ്‌ലർ ഫാമുകളും, 116 കേരള ചിക്കൻ ഔട്‌ലെറ്റുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.



# സാമ്പത്തിക ബാധ്യത തീർക്കാൻ സ്വത്തുവിൽക്കൽ: തിരുവമ്പാടി ദേവസം നിലപാട് തിരുത്തണം: വി.എച്ച്.പി

**കൊച്ചി:** സ്വത്തുക്കൾ വിറ്റ് സാമ്പത്തിക ബാധ്യതകൾ തീർക്കാനാള്ള തിരുവമ്പാടി ദേവസ്വത്തിന്റെ തീരുമാനം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ലെന്നും തീരുമാനത്തിൽ നിന്നും ദേവസ്വം പിൻമ്മാറണമെന്നും വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, സെക്രട്ടറി വി.ആർ രാജശേഖരൻ എന്നിവർ വാർത്താകുറിപ്പിൽ ആവശ്യപ്പെട്ടു.

സാമ്പത്തിക ബാധ്യതകൾ തീർക്കാൻ സാധ്യമായ ഒട്ടേറെ മാർഗ്ഗങ്ങൾ നിലവിലുണ്ട്, അതുപയോഗപ്പെടുത്തി ബാധ്യതകൾ തീർക്കാനാണ് ഉത്തരവാദിത്വപ്പെട്ട ഭരണകൂടം ശ്രമിക്കേണ്ടത്. അതിനു തയ്യാറാകാതെ സ്വത്തുക്കൾ വിൽക്കുന്നത് ഇരിക്കുന്ന കൊമ്പു മുറിക്കുന്നതിന് തുല്യമാണ്. ഇപ്പോൾ സ്വത്തുക്കൾ വിറ്റ് ബാധ്യത തീർത്താൽ നാളെ ഒരുകാലത്ത് വീണ്ടും ബാധ്യതയുണ്ടായാൽ വിൽക്കാൻ മറ്റൊന്നുമില്ലെങ്കിൽ ഭഗവാന്റെ സ്വർണ്ണക്കോലവും തിരുവാഭരണവുമൊക്കെ വിൽക്കാൻ തയ്യാറാകില്ലെന്ന് എങ്ങനെ പറയാൻ കഴിയുമെന്നും വി.എച്ച്.പി നേതാക്കൾ ചോദിച്ചു. ദേവസ്വത്തിന്റെ സ്വത്തുക്കൾ എന്നു പറുന്നത് ഭക്തസമുഹത്തിന്റെ ആകെ സ്വത്താണ് അത് വിറ്റുതുലയ്ക്കുന്നത് ഒരു കാരണവശാലും

അംഗീകരിക്കാൻ കഴിയുന്നതല്ലെന്നും ഭക്തജനങ്ങൾ ഇത്തരം തീരുമാനത്തിനെതിരെ രംഗത്തുവരണമെന്നും വി.എച്ച്.പി നേതാക്കൾ വ്യക്തമാക്കി.

# ശബരിമല തീർത്ഥാടനം : വി.എച്ച്.പിയുടെ ഇടപെടൽ ; വന്ദേഭാരതിന് ചെങ്ങന്നൂരിൽ സ്റ്റോപ്പനുവദിച്ചു



**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ ശബരിമലയിൽ മണ്ഡലകാല തീർഥാടനത്തിന് മുന്നോടിയായി വന്ദേഭാരത് എക്സ്പ്രസിന് ചെങ്ങന്നൂരിൽ സ്റ്റോപ്പനുവദിച്ച കേന്ദ്രസർക്കാരിനെ അഭിനന്ദിക്കുന്നതായി വിശ്വഹിന്ദുപരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി, സെക്രട്ടറി വി.ആർ രാജശേഖരൻ എന്നിവർ വാർത്താകുറിപ്പിൽ പറഞ്ഞു.

നവംബർ മുതൽ ജനുവരി പകുതിവരെ നീളുന്ന മണ്ഡലകാലത്ത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ലക്ഷകണക്കിന് തീർത്ഥാടകരാണ് 41 ദിവസം വ്രതമെടുത്ത് ശബരിമല അയ്യപ്പ ദർശനത്തിനായി കേരളത്തിലേക്ക് എത്തുന്നത്. ഭക്തർ നേരിടുന്ന യാത്രാക്ലേശം ചൂണ്ടിക്കാട്ടി ശബരിമലയുടെ ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷനായ ചെങ്ങന്നൂരിൽ വന്ദേഭാരതിന് സ്റ്റോപ്പ് അനുവദിക്കണമെന്നഭ്യർഥിച്ച് കഴിഞ്ഞ ജുലൈയിൽ വിശ്വഹിന്ദു പരിഷത്ത് കേരള ഘടകം കേന്ദ്ര റെയിൽവേ മന്ത്രിക്ക് നിവേദനം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശബരിമല തീർത്ഥാടനം ആരംഭിക്കുന്നതിന് മുമ്പു തന്നെ ചെങ്ങന്നൂരിൽ സ്റ്റോപ്പ് അനുവദിക്കുമെന്ന് കേന്ദ്രസർക്കാർ വിഎച്ച്പി നേതാക്കൾക്ക് ഉറപ്പു നൽകിയിരുന്നു. വാഗ്ദാനം പാലിച്ച് ഭക്തർക്കൊപ്പം നിലകൊള്ളാൻ തയ്യാറായ കേന്ദ്രസർക്കാരിനെയും റെയിൽവെ മന്ത്രി അശ്വനി വൈഷ്ണവിനെയും അഭിനന്ദിക്കുന്നതായും വി.എച്ച്.പി നേതാക്കൾ വ്യക്തമാക്കി.

# ഗോപികാ നൃത്ത മൽസരം 29 ന്; പങ്കെടുക്കാൻ അവസരം

**കൊച്ചി:** എറണാകുളത്തപ്പൻ മൈതാനിയിൽ നവംബർ അഞ്ചു മുതൽ 12 വരെ നടക്കുന്ന നാരായണീയ മഹോൽസവത്തിനോടനുബന്ധിച്ച് ഗോപികാ നൃത്ത മൽസരം സംഘടിപ്പിക്കുന്നു. നാരയണീയം ആസ്പദമാക്കി സംഘടിപ്പിക്കുന്ന നൃത്തമൽസരത്തിൽ 12 വയസിനു മുകളിലുള്ളവർക്കാണ് പങ്കെടുക്കാൻ സാധിക്കുകയെന്ന് നാരയണീയം മഹോൽസവ സമിതി ഗോപികാ നൃത്തം കോഓർഡിനേറ്റർ സി.വി സജനി അറിയിച്ചു.ഈ മാസം 29 ന് കലൂർ പാവക്കുളം ക്ഷേത്ര ഓഡിറ്റോറിയത്തിൽ രാവിലെ 10 മുതലാണ് മൽസരം നടക്കുക. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 9446359797./9446029432 എന്നീ മൊബൈൽ ഫോൺ നമ്പറുകളിൽ ബന്ധപ്പെടണമെന്നും സി വി സജനി അറിയിച്ചു.




# മാനസിക ആരോഗ്യം നന്നായിരിക്കണമെങ്കിൽ നല്ല ജീവിത സാഹചര്യം അത്യന്താപേക്ഷിതം: കെ.കെ ശൈലജ

**കോഴിക്കോട് :** ഒരു വ്യക്തിയുടെ മാനസിക ആരോഗ്യം ആ വ്യക്തി ജീവിക്കുന്ന ചുറ്റുപാടിനെ അനുസരിച്ചായിരിക്കുമെന്നും മാനസിക ആരോഗ്യം നന്നായിരിക്കണമെങ്കിൽ നല്ല ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, സാമൂഹിക ഇടപെടലുകൾ തുടങ്ങിയവ അത്യന്താപേക്ഷിതമാണെന്നും കെ.കെ ശൈലജ എം.എൽ.എ പറഞ്ഞു. മാനസിക ആരോഗ്യം ആനുകൂല്യമല്ല, അവകാശമാണ് എന്ന വിഷയത്തിൽ പ്രമുഖ കൗൺസിലിംഗ് സൈക്കോതെറാപ്പി കേന്ദ്രമായ സ്കൈ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

ഇത്തരം സാഹചര്യങ്ങൾ എല്ലാവരിലും എത്തിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. നല്ലൊരു സാമൂഹിക അന്തരീക്ഷം സൃഷ്ടിച്ച് നമുക്കൊരുമിച്ചു മുന്നേറാം എന്നും ശൈലജ കൂട്ടിച്ചേർത്തു. ലോക മാനസിക ദിനാചരണത്തോടനുബന്ധിച്ചായിരുന്നു കോഴിക്കോട് കെ.പി കേശവമേനോൻ ഹാളിൽ സെമിനാർ സംഘടിപ്പിച്ചത്.മാനസിക ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യവും എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷത്തോടെയായിരുന്നു സെമിനാർ സംഘടിപ്പിച്ചത്.

സംബന്ധിച്ച് തൃശൂർ പ്രജ്യോതി നികേതൻ കോളേജിലെ സൈക്കോളജി വിഭാഗം മേധാവിയും അസി.പ്രൊഫസറുമായ ഡോ. മിലു മരിയ ആന്റോ മുഖ്യ പ്രഭാഷണം നടത്തി. മാനസികാരോഗ്യത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും അതുമായി ബന്ധപ്പെട്ട തടസങ്ങളെ തകർത്തെറിയാനും അതിനെ അഭിസംബോധന ചെയ്യാനും പ്രാപ്തരായ ഒരു സമൂഹത്തിനെ വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണെന്ന് ഡോ. മിലു പറഞ്ഞു. വിവര സാങ്കേതിക വിദ്യ അനുസ്യൂതം വളർന്ന് പന്തലിച്ച് കൊണ്ടിരിക്കുന്ന ഇക്കാലഘട്ടത്തിൽ മാനസിക ആരോഗ്യത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ടെന്നും വ്യക്തമാക്കി.ഉദ്ഘാടന ചടങ്ങിൽ കോഴിക്കോട് ഇംഹാൻസിലെ സൈക്യാട്രി വിഭാഗം ഡയറക്ടർ ഇൻ ചാർജും അസി. പ്രൊഫസറുമായ ഡോ. പി.കെ അനീഷ് അധ്യക്ഷത വഹിച്ചു.

സൈക്കോളജി സർക്കിൾ പ്രസിഡന്റും ഇംഹാൻസിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ സോനു എസ് ദേവ്, അന്വേഷി വുമൻ കൗൺസിലിംഗ് സെന്റർ അധ്യക്ഷ കെ. അജിത, കോഴിക്കോട് ലോ കോളേജ് അസി. പ്രൊഫസർ പി.കെ അനീസ്, സ്കൈയുടെ മാനേജിംഗ് പാർട്ണറും സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ നിമ്മി മൈക്കിൾ, മാനേജിംഗ് പാർട്ണറും ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഹാദിയ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഗോപിക സുരേഷ്, കൗൺസിലിംഗ് സൈക്കോളജിസ്റ്റ് അശ്വതി ദീപക് തുടങ്ങിയവർ സംസാരിച്ചു.

# തീരമേഖലകളിലെ കെടുതികൾ കുറക്കാൻ ക്ലൈമറ്റ് സ്മാർട് വില്ലേജുകൾ ; നിർദേശവുമായി സിഎംഎഫ്ആർഐ

## രോഗബാധ നിയന്ത്രിക്കാൻ ജലഗുണനിലവാര പരിശോധന ക്ലിനിക്കുകൾ

**കൊച്ചി:** തീരശോഷണം, കടൽക്ഷോഭം, വെള്ളപ്പൊക്കം തുടങ്ങി കടലോരമേഖലയിലുള്ളവർ അനുഭവിക്കുന്ന കാലാവസ്ഥാ കെടുതികൾ കുറയ്ക്കാൻ ക്ലൈമറ്റ് സ്മാർട് വില്ലേജുകൾ ഉൾപ്പെടെയുള്ള നിർദേശങ്ങളുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കെടുതികൾ അനുഭവിക്കുന്ന ഗ്രാമങ്ങളെ ദത്തെടുത്ത് ബദൽ ഉപജീവന മാർഗങ്ങളിൽ പരിശീലനവും അവബോധവും നൽകുന്നതാണ് ക്ലൈമറ്റ് സ്മാർട് വില്ലേജ് പദ്ധതി.

ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യകാർഷിക സംഘടനയുടെ (എഫ്എഒ) നേതൃത്വത്തിൽ ചെന്നൈയിൽ നടന്ന ആഗോള സമുദ്രമത്സ്യ കാലാവസ്ഥാ കോൺക്ലേവിൽ സിഎംഎഫ്ആർഐ അവതരിപ്പിച്ച റിപ്പോർട്ടിലാണ് നിർദേശങ്ങൾ.തീരദേശമേഖലയിൽ വർധിച്ചുവരുന്ന ജലജന്യരോഗങ്ങൾ നിയന്ത്രിക്കാൻ ജലഗുണനിലവാര പരിശോധന ക്ലിനിക്കുകളാണ് സിഎംഎഫ്ആർഐ നിർദേശിക്കുന്നത്. വർധിച്ചുവരുന്ന ചുഴലിക്കാറ്റും അതിനെ തുടർന്നുള്ള കടൽക്ഷോഭങ്ങളും കാരണമായി ഉണ്ടാകുന്ന വെള്ളപ്പൊക്കമാണ് രോഗബാധക്ക് കാരണമാകുന്നത്. സമുദ്രോപരിതല ഊഷ്മാവ് കൂടുന്നതിനെ തുടർന്ന് കടലിൽ സൂക്ഷ്മാണുക്കളുടെ തോത് കൂടുന്നതും ജലജന്യരോഗങ്ങൾക്ക് വഴിയൊരുക്കുന്നു. കടൽക്ഷോഭവും തീരദേശപ്രളയങ്ങളും മലിനമായ ജലം മേഖലയിൽ വ്യാപിക്കാൻ ഇടവരുന്നുണ്ടെന്നും സിഎംഎഫ്ആർഐ റിപ്പോർട്ട് ചൂണ്ടിക്കാട്ടി.കാലവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട കെടുതികൾ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വരുന്നത് തീരദേശജനതയാണ്.

ചുഴലിക്കാറ്റ്, തീരശോഷണം തുടങ്ങിയവ ഉപജീവനത്തിനൊപ്പം മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും ഭീഷണിയാകുന്നുണ്ട്. വരുമാന നഷ്ടം, സ്വത്ത് നഷ്ടം, ആരോഗ്യ പ്രശ്നങ്ങൾ എന്നീ പ്രതിസന്ധികൾ കാരണം വലിയ സാമൂഹികസാമ്പത്തിക ബുദ്ധിമുട്ടാണ് മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്നത്. ക്ലൈമറ്റ് സ്മാർട്ട് വില്ലേജുകൾ പോലുള്ള പദ്ധതികൾ കെടുതികളുടെ ആഘാതം കുറയ്ക്കാൻ സഹായിക്കുമെന്ന് റിപ്പോർട്ട് അവതരിപ്പിച്ച സിഎംഎഫ്ആർഐയിലെ മറൈൻ ബയോഡൈവേഴ്സിറ്റി പരിസ്ഥിതി മാനേജ്മെന്റ് വിഭാഗം മേധാവി ഡോ ഗ്രിൻസൻ ജോർജ് പറഞ്ഞു.നേരത്തെ കണ്ടുവന്നിരുന്ന പ്രദേശങ്ങളിൽ നിന്നും മറ്റു മേഖലകളിലേക്ക് ചില വാണിജ്യപ്രധാന മത്സ്യങ്ങളുടെ മാറ്റം, കടൽമീനുകളുടെ ഉൽപാദനക്ഷമതിയുള്ള കുറവ്, പവിഴപ്പുറ്റുകളുടെ നശീകരണം തുടങ്ങിയവ കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് കടലിന്റെ ആവാസവ്യവസ്ഥയിലുണ്ടായ പ്രധാനമാറ്റങ്ങളാണ്.കാലാവസ്ഥാപ്രതിസന്ധി നേരിടാൻ മറ്റനേകം പദ്ധതികളും സിഎംഎഫ്ആർഐ നിർദേശിച്ചു. കടൽപായൽ കൃഷി, കൂടുമത്സ്യകൃഷികക്കവർഗങ്ങൾകടൽപായൽ എന്നിവ സംയോജിപ്പിച്ചുള്ള കൃഷരീതി, കണ്ടൽവനവൽകരണം എന്നിവ ഇതിൽ പ്രധാനമാണ്. മാത്രമല്ല, ഇതുവരെ മത്സ്യബന്ധനം നടത്താത്ത വിഭവങ്ങളായ ആഴക്കടൽ കൂന്തൽ, ആഴക്കടൽ ചൂര തുടങ്ങിയവ പിടിക്കുന്നതിലൂടെ സമുദ്രമത്സ്യബന്ധനമേഖലയിൽ മെച്ചമുണ്ടക്കാം. നിർമിത ബുദ്ധിയും ഉപഗ്രഹ റിമോട് സെൻസിംഗ് സാങ്കേതികവിദ്യകളുമുപയോഗിച്ചുള്ള മത്സ്യലഭ്യത മുന്നറിയിപ്പുകൾക്കുള്ള സംവിധാനം വികസിപ്പിക്കുന്നതും ഗുണം ചെയ്യുമെന്ന് സിഎംഎഫ്ആർഐ റിപ്പോർട്ട് ചൂണ്ടിക്കാട്ടി. കേന്ദ്ര ഫിഷറീസ് വകുപ്പും ബേ ഓഫ് ബംഗാൾ പ്രോഗ്രാമുമായിരുന്നു (ബിഒബിപി) വ്യാഴാഴ്ച സമാപിച്ച കോൺക്ലേവിന്റെ സംഘാടകർ.

# ഐ.എസ്.എൽ: അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ

- 10 മണിക്ക് ശേഷം ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ്
- മടക്കയാത്രക്കുള്ള ടിക്കറ്റ് മുൻകൂട്ടി വാങ്ങാം
- ഗതാഗതക്കുരുക്കൊഴിവാക്കാൻ മെട്രോ ഉപയോഗിക്കാം

**കൊച്ചി:** ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഇന്ത്യൻ സൂപ്പർ ലീഗ് മത്സരങ്ങൾ നടക്കുന്നതിനാൽ ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ നിന്ന് കൊച്ചി മെട്രോ അധിക സർവ്വീസ് ഒരുക്കുന്നു. ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ നിന്ന് ആലുവ ഭാഗത്തേക്കും എസ്എൻ ജംഗ്ഷനിലേക്കുമുള്ള അവസാന ട്രെയിൻ സർവ്വീസ് 11.30ന് ആയിരിക്കും. രാത്രി പത്ത് മണി മുതൽ ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ് ഉണ്ടായിരിക്കുന്നതാണ്.

മത്സരം കാണുന്നതിനായി മെട്രോയിൽ വരുന്നവർക്ക് മത്സരശേഷം തിരികെ യാത്ര ചെയ്യുന്നതിനായുള്ള ടിക്കറ്റ് ആദ്യം തന്നെ വാങ്ങാൻ സാധിക്കും. ടിക്കറ്റ് വാങ്ങുന്നതിനായുള്ള ക്യൂ ഒഴിവാക്കാൻ ഇതുവഴി സാധിക്കും. മെട്രോയിൽ ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിലേക്ക് എത്തുന്നവർക്ക് റോഡ് മുറിച്ച് കടക്കാതെ മെട്രോ സ്റ്റേഷന് അകത്ത് നിന്ന് തന്നെ സ്റ്റേഡിയം ഭാഗത്തേക്ക് പ്രവേശിക്കാവുന്നതാണ്.

കൊച്ചിയിൽ മത്സരം നടക്കുന്ന ദിവസങ്ങളിലെല്ലാം രാത്രി 11.30 വരെ മെട്രോ അധികസർവ്വീസ് ഏർപ്പെടുത്തുന്നുണ്ട്. പൊതുജനങ്ങൾക്കും മത്സരം കണ്ട് മടങ്ങുന്ന ഫുട്ബോൾ ആരാധകർക്കും മെട്രോ സർവ്വീസ് പ്രയോജനപ്പെടുത്താം. തിരക്ക് നിയന്ത്രിക്കുന്നതിനായി പ്രത്യേക ക്രമീകരണങ്ങൾ സ്റ്റേഷനിൽ ഒരുക്കിയിട്ടുണ്ട്.



നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കൊച്ചി മെട്രോ സ്റ്റേഷനുകളിലെ പേ ആൻഡ് പാർക്ക് സൌകര്യം ഉപയോഗിക്കാവുന്നതാണ്. തൃശൂർ, മലപ്പുറം ഭാഗത്ത് നിന്ന് വരുന്നവർക്ക് ആലുവ മെട്രോ സ്റ്റേഷനിലെ പാർക്കിംഗ് സ്ഥലത്ത് ബസ്സുകളും കാറുകളും പാർക്ക് ചെയ്ത ശേഷം മെട്രോയിൽ സ്റ്റേഡിയം ഭാഗത്തേക്ക് യാത്ര ചെയ്യാൻ സാധിക്കും.

അൻപത് കാറുകളും 10 ബസ്സുകളും ഒരോ സമയം പാർക്ക് ചെയ്യാനുള്ള സൗകര്യമാണ് ആലുവ സ്റ്റേഷനിലുള്ളത്.പറവൂർ, കൊടുങ്ങല്ലൂർ വഴി ദേശീയപാത 66ൽ എത്തുന്നവർക്ക് ഇടപ്പള്ളി മെട്രോ സ്റ്റേഷന് സമീപത്തെ പാർക്കിംഗിൽ വാഹനം പാർക്ക് ചെയ്ത് മെട്രോയിൽ ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിലേക്ക് യാത്ര ചെയ്യാനാകും. 15 ബസ്സുകളും 30 കാറുകളും ഇടപ്പള്ളിയിൽ പാർക്ക് ചെയ്യാം.

ആലപ്പുഴ, തിരുവനന്തപുരം ഭാഗത്ത് നിന്ന് റോഡ് മാർഗ്ഗം വരുന്നവർക്ക് വൈറ്റിലയിൽ നിന്ന് കൊച്ചി മെട്രോയിൽ യാത്ര ചെയ്ത് സ്റ്റേഡിയത്തിലേക്കെത്താം. കോട്ടയം, ഇടുക്കി മേഖലയിൽ നിന്ന് വരുന്നവർക്ക് എസ് എൻ ജംഗ്ഷൻ, വടക്കേക്കോട്ട സ്റ്റേഷനുകളിൽ നിന്ന് മെട്രോ സേവനം ഉപയോഗിക്കാം.

# റിലയൻസ് ഡിജിറ്റൽ സ്റ്റോറുകളിൽ വൺപ്ലസ് ഓപ്പൺ ഫോൾഡബിൾ സ്മാർട്ട്ഫോൺ വിൽപ്പന

**കൊച്ചി/ മുംബൈ:** വൺപ്ലസ് ഓപ്പൺ ഫോൾഡബിൾ ഫോൺ റിലയൻസ് ഡിജിറ്റൽ സ്റ്റോറുകളിൽ മാത്രമായി വിൽക്കുന്നതിന് റിലയൻസ് ഡിജിറ്റൽ വൺപ്ലസുമായി ധാരണയിലെത്തി.

ഉപഭോക്താക്കൾക്ക് അവരുടെ അടുത്തുള്ള റിലയൻസ് ഡിജിറ്റൽ ഔട്ട്ലെറ്റിൽ ഇന്ന് മുതൽ ഉപകരണം മുൻകൂട്ടി ബുക്ക് ചെയ്യാം. അവർക്ക് സൗജന്യ വൺപ്ലസ് ബഡ്സ് പ്രോ 2, ആക്സിഡന്റൽ പ്രൊട്ടക്ഷൻ പ്ലാൻ, ഐസിഐസിഐ ബാങ്ക് കാർഡ്, വൺ കാർഡ് എന്നിവയിൽ 5000 രൂപ വരെ തൽക്ഷണ കിഴിവ്, എന്നിവയ്ക്കൊപ്പം 8000 രൂപ വരെ എക്സ്ചേഞ്ച് ബോണസും ഉൾപ്പെടെയുള്ള പ്രത്യേക ആനുകൂല്യങ്ങളും ലഭിക്കും. ഒക്ടോബർ 27ന് വിൽപ്പന ആരംഭിക്കുമെന്ന് റിലയൻസ് അധികൃതർ വ്യക്തമാക്കി.വൺപ്ലസുമായി സഹകരിച്ച് വൺപ്ലസ് ഓപ്പൺ സ്മാർട്ട്ഫോണിന്റെ എക്സ്ക്ലൂസീവ് വില്പന ആരംഭിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്ന് റിലയൻസ് ഡിജിറ്റലിന്റെ സിഇഒ ബ്രയാൻ ബേഡ് പറഞ്ഞു. ലോഞ്ച് ചെയ്യുന്നതിനൊപ്പം, ഇന്ത്യയിലുടനീളമുള്ള ഞങ്ങളുടെ ഉപഭോക്താക്കൾക്ക് ഏറ്റവും പുതിയ സാങ്കേതികവിദ്യ എത്തിക്കുമെന്ന ഞങ്ങളുടെ വാഗ്ദാനത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



വൺപ്ലസ് ഓപ്പൺ അത്യാധുനിക സാങ്കേതികവിദ്യയും ആകർഷകമായ രൂപകൽപ്പനയും സംയോജിപ്പിച്ചിരിക്കുന്നു. ഫോൺ, ടാബ്ലെറ്റ് മോഡുകൾക്കിടയിലുള്ള നല്ലൊരു ഓപ്ഷനായി ഫോൾഡബിൾ ഡിസ്പ്ലേ ഇത് അവതരിപ്പിക്കുന്നു. ഏറ്റവും പുതിയ ക്വാൽകോം സ്നാപ്ഡ്രാഗൺ പ്രൊസസറിലാണ് ഈ ഉപകരണം പ്രവർത്തിക്കുന്നത്, കൂടാതെ 12 ജിബി റാമും 512 ജിബി സ്റ്റോറേജും ഉണ്ട്. മെച്ചപ്പെട്ട ഡ്യൂറബിലിറ്റിക്കായി വാട്ടർഡ്രോപ്പ് ഹിംഗും ഇതിലുണ്ട്.

ക്യാമറ സെൻസർ ഒതുക്കമുള്ളതും സോണി ഡ്യുവൽലെയർ ട്രാൻസിസ്റ്റർ പിക്സൽ സാങ്കേതികവിദ്യയും കൊണ്ട് സജ്ജീകരിച്ചിരിക്കുന്നു, ഇത് അതിന്റെ വലുപ്പത്തിനനുസരിച്ച് ഇരട്ടി പ്രകാശം പിടിച്ചെടുക്കാൻ അനുവദിക്കുന്നുവെന്നും ബ്രയാൻ ബേഡ് പറഞ്ഞു.

# സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് വർധിപ്പിച്ച് ഫെഡറൽ ബാങ്ക്

**കൊച്ചി:** സ്ഥാപക ദിനാഘോഷത്തോടും ഉത്സവ സീസണോടുമനുബന്ധിച്ച് സ്ഥിരനിക്ഷേപങ്ങളുടെ പലിശ നിരക്ക് ഫെഡറൽ ബാങ്ക് വർധിപ്പിച്ചു. പരിഷ്ക്കരിച്ച നിരക്കുകൾ പ്രകാരം മുതിർന്ന പൗരന്മാർക്ക് 8.15 ശതമാനം പലിശ ലഭിക്കുമെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.

400 ദിവസത്തേക്കുള്ള, കാലാവധിക്ക് ശേഷം മാത്രം പിൻവലിക്കാവുന്ന നിക്ഷേപങ്ങൾക്കാണ് ഈ നിരക്ക് ലഭിക്കുക. കാലാവധിക്കു മുൻപ് പിൻവലിക്കാവുന്ന നിക്ഷേപങ്ങൾക്ക് 7.90 ശതമാനമാണ് പുതിയ നിരക്ക്. മറ്റുള്ളവർക്ക് യഥാക്രമം 7.65 ശതമാനവും 7.40 ശതമാനവുമാണ് 400 ദിവസത്തെ നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന പലിശനിരക്ക്.13 മാസം മുതൽ 21 മാസം വരെ കാലാവധിയുള്ള (400 ദിവസം ഉൾപ്പെടാതെ), കാലാവധിക്ക് ശേഷം മാത്രം പിൻവലിക്കാവുന്ന നിക്ഷേപങ്ങൾക്ക് മുതിർന്ന പൗരന്മാർക്ക് 8.05 ശതമാനവും മറ്റുള്ളവർക്ക് 7.55 ശതമാനവും പലിശ ലഭിക്കും. ഇതേ കാലയളവിലെ കാലാവധി പൂർത്തിയാകും മുൻപ് പിൻവലിക്കാവുന്ന നിക്ഷേപങ്ങൾക്ക് യഥാക്രമം 7.80 ശതമാനവും 7.30 ശതമാനവുമാണ് പുതിയ നിരക്കെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി.

# ജനസുരക്ഷ പദ്ധതികൾക്ക് കൂടുതൽ പിന്തുണയുമായി എസ്ബിഐ

**കൊച്ചി:** സർക്കാരിൻറെ ജനസുരക്ഷ ക്യാംപെയ്ന് പിന്തുണ നൽകാനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വിവിധ മേഖലകളിലെ തങ്ങളുടെ ലീഡ് ഡിസ്ട്രിക്ട് മാനേജർമാർക്കും നോഡൽ ഓഫിസർമാർക്കുമായി ശിൽപശാല സംഘടിപ്പിച്ചു.

പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമ യോജന (പിഎംജെജെബിവൈ), പ്രധാൻ മന്ത്രി സുരക്ഷാ ബീമ യോജന (പിഎംഎസ്ബിവൈ) എന്നിവയെ കുറിച്ച് കൂടുതൽ അവബോധം വളർത്താനും അർഹരായ എല്ലാ ജനങ്ങളേയും ഇതിൽ ഉൾപ്പെടുത്തുന്നതിലുമാണ് ശിൽപശാല ശ്രദ്ധ കേന്ദ്രീകരിച്ചതെന്ന് എസ്ബിഐ ചീഫ് ജനറൽ മാനേജർ (എഫ്ഐ) ഡോ. പി.സി. സാബൂ പറഞ്ഞു.പ്രതിവർഷം 436 രൂപയും 20 രൂപയും വീതം നാമമാത്ര പ്രീമിയം ഈടാക്കിയാണ് പിഎംജെജെബിവൈ, പിഎംഎസ്ബിവൈ എന്നീ രണ്ടു പദ്ധതികൾ യഥാക്രമം ലൈഫ് ഇൻഷുറൻസും അപകട ഇൻഷുറൻസ് നൽകുന്നു.

കേരളം, തമിഴ്നാട്, സിക്കിം, പശ്ചിമ ബംഗാൾ, ബീഹാർ, ഝാർഖണ്ഡ്, ഒഡീഷ, ആന്ധ്രാപ്രദേശ്, കർണാടക, ആൻഡമാൻ ആൻറ് നിക്കോബാർ എന്നിവിടങ്ങളിൽ നിന്നുള്ള എസ്ബിഐയുടെ എല്ലാ ലീഡ് ഡിസ്ട്രിക്ട് മാനേജർമാരും നോഡൽ ഓഫിസർമാരും എസ്എൽബിസി ഉദ്യോഗസ്ഥരും ശിൽപശാലയിൽ പങ്കെടുത്തു.

ഹൈദരാബാദ് സർക്കിൾ ചീഫ് ജനറൽ മാനേജർ രാജേഷ് കുമാർ സംസാരിച്ചു.എസ്ബിഐയുടെ ശക്തമായ ശൃംഖല പ്രയോജനപ്പെടുത്തി അർഹരായ എല്ലാ ജനങ്ങളേയും ജനസുരക്ഷ പദ്ധതിയിൽ ചേർക്കുക എന്നതാണ് ബാങ്കിൻറെ ലക്ഷ്യമെന്നും ഡോ. പി.സി. സാബൂ പറഞ്ഞു.

# മേബെലിൻ ന്യൂയോർക്കിന്റെ ബ്രേവ് ടോക്ക്

**കൊച്ചി:** മേക്കപ്പ് ബ്രാൻഡായ മേബെലിൻ ന്യൂയോർക്ക് ബ്രേവ് ടോക്ക് സൗജന്യ പരിശീലനം ആരംഭിച്ചു. ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ചു ദ ജെഡ് ഫൗണ്ടേഷനുമായി (ജെഇഡി) സഹകരിച്ചാണ് മാനസികാരോഗ്യ വിദഗ്ധർ വികസിപ്പിച്ചെടുത്ത ആഗോള പരിശീലന പരിപാടിക്കു തുടക്കമിട്ടത്.

ഉത്കണ്ഠയോ വിഷാദമോ അലട്ടുന്നവരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങൾ തരണം ചെയ്യുന്നതിന് പ്രൊഫഷണലുകളുടെ സഹായത്തോടെ ബ്രേവ് ടോക്ക് സജ്ജരാക്കും.

മികവുറ്റ മാനസികാരോഗ്യത്തിന് ശക്തമായ പിന്തുണ നൽകുന്ന സമീപനമാണ് മേബെലിൻ ന്യൂയോർക്കിന്റേതെന്നു ജനറൽ മാനേജർ സീനിയ ബസ്താനി പറഞ്ഞു. കൂടുതൽ വിവരങ്ങൾ മേബെലിൻ വെബ്സൈറ്റിൽ ലഭ്യമാണ്.

# തുറമുഖ വികസനം
# ഡിപി വേൾഡും കൊച്ചിൻ പോർട്ട് അതോറിറ്റിയും രണ്ടു ധാരണാപത്രങ്ങളിൽ ഒപ്പിട്ടു

**കൊച്ചി:** തുറമുഖത്തിന്റെ അടുത്തഘട്ട വികസനം നടപ്പാക്കാൻ ഡിപി വേൾഡ്, കൊച്ചി തുറമുഖ അതോറിറ്റിയുമായി രണ്ട് ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. കൊച്ചി തുറമുഖത്തെ ഫ്രീ ട്രേഡ് വെയർ ഹൗസിംഗ് സോണി(എഫ് ടി ഡബ്ള്യു ഇസെഡ് ) ന്റെ ആദ്യഘട്ട വികസനം ലക്ഷ്യമിടുന്നതാണ് ഒന്നാമത്തെ ധാരണാപത്രം. രണ്ടാമത്തെ ധാരണാപത്രമനുസരിച്ച് ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിന (ഐസിടിടി) ലിലെ ചരക്കുനീക്ക സംവിധാനങ്ങൾ വിപുലമാക്കും.ഡിപി വേൾഡിന്റെ നിർദിഷ്ട കൊച്ചിൻ ഇന്റഗ്രേറ്റഡ് ബിസിനസ് പാർക്ക് സാക്ഷാത്കരിക്കുന്നതോടെ കേരളത്തിലെ ആദ്യ ഫ്രീ ട്രേഡ് വെയർ ഹൗസിംഗ് സോൺ വികസനം സാധ്യമാകും. ടെർമിനലിനോട് ചേർന്നുള്ള രാജ്യത്തെ ആദ്യ എഫ് ടി ഡബ്ള്യു ഇസെഡ് ആകുമിത്.



കൊച്ചിയാണ് ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച തുറമുഖമെന്നതിനു ആധികാരികത പകരുന്നതാണ് ഡിപി വേൾഡുമായി ഒപ്പുവച്ച ധാരണാപത്രങ്ങളെന്നു കൊച്ചിൻ പോർട്ട് അതോറിറ്റി ട്രാഫിക് മാനേജർ വിപിൻ ആർ മേനോത്ത് പ്രതികരിച്ചു. നിർദിഷ്ട എഫ് ടി ഡബ്ള്യു ഇസെഡ് മേഖലയിലെ വാണിജ്യത്തിനു കുതിപ്പേകും. കൊച്ചിൻ ഇന്റഗ്രേറ്റഡ് ബിസിനസ് പാർക്ക് ആരംഭിക്കുന്ന ടെർമിനലിനോട് ചേർന്നുള്ള എഫ് ടി ഡബ്ള്യു ഇസെഡ് കൊച്ചി തുറമുഖത്തിന് പുതിയ സാധ്യതകൾ തുറക്കുമെന്നും അദ്ദേഹം പറഞ്ഞു.

ദക്ഷിണേന്ത്യയിൽ വാണിജ്യം കൂടുതൽ അഭിവൃദ്ധിപ്പെടുത്തണമെന്നതാണ് സമീപനമെന്ന് ഡിപി വേൾഡ് ഐജിടിപിഎൽ ഡയറക്ടർ ദേവാംഗ് മങ്കോടി പറഞ്ഞു. കൊച്ചിൻ തുറമുഖ അതോറിറ്റിയുമായുള്ള സഹകരണം ഐസിടിടിയെ അന്താരാഷ്ട്ര വാണിജ്യത്തിന്റെ പ്രവേശനകവാടം എന്ന നിലയിക്ക് എത്തിച്ചിട്ടുണ്ട്. രാജ്യത്തെയും മറ്റുരാജ്യങ്ങളിലെയും വിപണികളുമായി ദക്ഷിണേന്ത്യയെ ഒന്നാകെ ബന്ധിപ്പിക്കുന്നത് ഐസിടിടിയാണ്.

രാജ്യത്തെ 12ലേറെ തുറമുഖങ്ങളിലേക്കു നേരിട്ടും വിവിധഅന്താരാഷ്ട്ര തുറമുഖങ്ങളിലേക്കും സർവീസുള്ള കൊച്ചി ഡിപി വേൾഡിനെ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ടെർമിനലായി മാറ്റുന്നതിന് പ്രതിബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.രാജ്യത്ത് നിലവിൽ ഡിപി വേൾഡ് അഞ്ചു കണ്ടെയ്നർ ടെർമിനലുകളാണ് പ്രവർത്തിപ്പിക്കുന്നത്.

നവ ഷെവയിൽ രണ്ടും മുന്ദ്ര, കൊച്ചി, ചെന്നൈ എന്നിവിടങ്ങളിൽ ഓരോന്നും. സംയോജിതശേഷി ഏകദേശം 6 ദശലക്ഷം ടിഇയു ആണ്. 2.19 ദശലക്ഷം ടിഇയു വാർഷിക ശേഷിയുള്ള പുതിയ ഗ്രീൻഫീൽഡ് ടെർമിനൽ ഗുജറാത്തിലെ ടുന ടെക്രയിൽ കമ്പനി പ്രഖ്യാപിച്ചിട്ടുമുണ്ട്.

ഇത് പ്രാവർത്തികമാകുന്നതോടെ രാജ്യത്ത് ഡിപി വേൾഡിന്റെ മൊത്തം ശേഷി 8.19 ദശലക്ഷം ടിഇയു ആകും.




# ആശുപത്രികൾക്ക് ഡയാലിസിസ് യൂണിറ്റുകൾ നൽകി ലയൺസ് ക്ലബ്ബ്

**അങ്കമാലി:** ലയൺസ് ഇന്റർനാഷണൽ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഒൻപതു ആശുപത്രികൾക്കായി പത്തൊൻപതു ഡയാലിസിസ് യൂണിറ്റുകൾ കൈമാറി. നിർധനരായ രോഗികൾ ഏറെ ആശ്രയിക്കുന്ന ആശുപത്രികളിലാണ് ഈ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നത്. ഒന്നരക്കോടി രൂപ ചിലവഴിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം ഹൈബി ഈഡൻ എം പി കളമശ്ശേരി നിപ്രോ ഓഫീസിൽ വെച്ചു നിർവഹിച്ചു.

മണപ്പുറം ഫൗണ്ടേഷൻ മാനേജിങ് ട്രസ്റ്റീയും ലയൺസ് ക്ലബ് മുൻ ഇന്റർനാഷണൽ ഡയറക്ടറുമായ വി പി നന്ദകുമാർ മുഖ്യഥിതിയായ ചടങ്ങിൽ ലയൺസ് ക്ലബ് മൾട്ടിപ്പിൾ കൗൺസിൽ ചെയർപേഴ്സൺ സുഷമ നന്ദകുമാർ അധ്യക്ഷത വഹിച്ചു. പ്രൊജക്റ്റ് കോർഡിനേറ്റർ ഡോ എസ്. രാജീവ് പദ്ധതി വിശകലനം നടത്തി. ഓരോ വർഷവും 25000 വൃക്കരോഗികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുക. ചടങ്ങിൽ ഡോ ബീന രവികുമാർ, ലയൺസ് ക്ലബ്ബ് മൾട്ടിപ്പിൾ ജിഎൽടി കോർഡിനേറ്റർ സാജു ആന്റണി പാത്താടൻ, മൾട്ടിപ്പിൾ കൗൺസിൽ സെക്രട്ടറി പി സുധിർ, ട്രഷറർ സണ്ണി വി സക്കറിയ, മുൻ ലയൺസ് ക്ലബ്ബ് ഡിസ്ട്രിക്ട് ഗവർണർമാരായ കണ്ണൻ എ, ജോസഫ് കെ മനോജ് എന്നിവർ പ്രസംഗിച്ചു.

# ടെയിൽസ് ഓഫ് ബിലോവ്ഡ് അഗണീസ് സംഘ കലാപ്രദർശനം

**കൊച്ചി:** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന നീലിമ നാഥ്, അഹല്യ രാജേന്ദ്രൻ, ഗോപിക കൃഷ്ണൻ എൽ. എന്നിവരുടെ ടെയിൽസ് ഓഫ് ബിലോവ്ഡ് അഗണീസ് സംഘ കലാപ്രദർശനം 2023 ഒക്ടോബർ 21ന് അക്കാദമിയുടെ കോഴിക്കോട് ആർട്ട് ഗ്യാലറിയിൽ ആരംഭിക്കുന്നു. കേരള ലളിതകലാ അക്കാദമിയുടെ 202223ലെ സമകാലിക ഏകാംഗസംഘ പ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനത്തിന്റെ ഉദ്ഘാടനം ഒക്ടോബർ 21ന് വൈകുന്നേരം 4 മണിക്ക് നടക്കും.

കലാനിരൂപകനും ചിത്രകാരനുമായ സുധീഷ് കോട്ടേമ്പ്രമാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്നത്.സമകാലികരായ ഈ യുവ ചിത്രകാരികൾ കടന്നുവരുന്നത് കലാവസ്തു എന്ന പണിക്കുറതീർന്ന ഉരുപ്പടി എന്നതിനപ്പുറം ആത്മാംശം കലർന്ന കലാപ്രക്രിയയെ ഓർമ്മിപ്പിച്ചുകൊണ്ടാണ്. അതിൽ ജീവചരിത്രപരമായ കഥനങ്ങൾ മുതൽ തദ്ദേശത്തേക്കുള്ള നോട്ടങ്ങളും സ്വയം സ്നേഹിക്കാനുള്ള ശുശ്രൂഷകളും ഉൾക്കൊള്ളുന്നു. ഗോപികയുടെ ചിത്രങ്ങൾ നിർമ്മിക്കുന്ന വേദനയുടെ പാറ്റേൺ സ്ത്രീജീവിതത്തിന്റെയും സ്വത്വത്തിന്റെയും സ്വതന്ത്രമായ പ്രകാശനങ്ങളാണ്. അഹല്യ തന്റെ ചുറ്റുപാടിനെ തികച്ചും പൗരസ്ത്യമായ ഒരു ദൃശ്യഭാഷാ പദ്ധതിയിലൂടെ നോക്കിക്കാണുമ്പോൾ നീലിമ തന്റെ ദേശസ്വത്വത്തെയും ബന്ധങ്ങളെയും കഥാത്മകമായ ചിത്രണങ്ങളിലൂടെ തെളിയിച്ചെടുക്കുന്നു. പെയിന്റിംഗ് എന്ന മാധ്യമത്തെ അത്രയും ഊഷ്മളതയോടെയും സ്നേഹവായ്പോടെയും കാണാൻ ശ്രമിക്കുന്നു ഈ പ്രദർശനത്തിലെ ഓരോ ചിത്രവും.പ്രദർശനം ഒക്ടോബർ 30ന് സമാപിക്കും. പ്രദർശനസമയം രാവിലെ 11 മണി മുതൽ വൈകുന്നേരം 7 മണി വരെയാണ്.

# അഞ്ചുമനദേവീ ക്ഷേത്രത്തിൽ ആധാര ശിലാസ്ഥാപനം

**കൊച്ചി :** ഇടപ്പള്ളി അഞ്ചുമനദേവീ ക്ഷേത്രത്തിലെ തങ്കധ്വജ പ്രതിഷ്ഠ 2024 ഫെബ്രുവരി 21ന് നടക്കും. തങ്കധ്വജ നിർമ്മാണത്തിന്റെ ആധാര ശിലാസ്ഥാപനം 26 ന് രാവിലെ 11.30നും 12.05നും മദ്ധ്യേ ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റേയും മേൽശാന്തി അനീഷ് ദാമോദരൻ നമ്പൂതിരിയുടേയും മുഖ്യകാർമ്മികത്വത്തിൽ നടക്കും.. പന്തളം കൊട്ടാരം നിർവാഹക സമിതി പ്രസിഡന്റ് പി ജി ശശികുമാരവർമ്മ ഭദ്രദീപം തെളിക്കും.ഫെബ്രുവരി 21 മുതൽ 29 വരെ ഉത്സവവും നടക്കും. വിവിധ വാദ്യമേളങ്ങൾ, പ്രഭാഷണങ്ങൾ, നാടകം, ഗാനമേള, നാടൻപാട്ട്, നൃത്തനൃത്യങ്ങൾ , ഭക്തിഗാനമേള എന്നിവയും ഉണ്ടാകും.വാർത്താസമ്മേളനത്തിൽ കെ എൻ സജീവൻ, ടി എം ശിവൻ, എ ജി മോഹനൻ, ക്ഷേത്രം തന്ത്രി പുലിയന്നൂർ ശശി നമ്പൂതിരിപ്പാട് എന്നിവർ പങ്കെടുത്തു

# മനുഷ്യക്കടത്തിനെതിരേ ബോധവത്കരണവുമായി ഫ്രീഡം വാക്ക്

**കോട്ടയം:** മനുഷ്യക്കടത്തിനെക്കുറിച്ച് അവബോധം വളർത്തുന്നതിനായി എൻ.ജി.ഒ.കളുടെ കൂട്ടായ്മ ആഗോളതലത്തിൽ സംഘടിപ്പിക്കുന്ന വാക്ക് ഫോർ ഫ്രീഡം പരിപാടിയുടെ ഭാഗമായി കോട്ടയത്ത് ഫ്രീഡം വാക്ക് നടത്തി. ഇന്ത്യയിലുടനീളം 100 ഇടങ്ങളിലായി ആയിരത്തോളം പേർ പങ്കെടുത്തു.

സിഐ പ്രശാന്ത് കുമാർ, അഡ്വ: റെനി ജേക്കബ് എന്നിവർ ചടങ്ങിന് നേതൃത്വം നൽകി. മനുഷ്യക്കടത്ത് അവസാനിപ്പിക്കാൻ സാധ്യമായതെല്ലാം ചെയ്യുമെന്ന് പങ്കെടുത്തവർ പ്രതിജ്ഞയെടുത്തു. കോട്ടയം ബിസിഎം കോളേജിൽ നിന്ന് ആരംഭിച്ച ഫ്രീഡം വാക്ക് സമീപത്തെ പൊതു റോഡുകളിലൂടെ സഞ്ചരിച്ച് ബിസിഎം കോളേജിൽ തന്നെ അവസാനിച്ചു.



മനുഷ്യക്കടത്തിന്റെ ശബ്ദമില്ലാത്ത ഇരകളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തികച്ചും നിശ്ശബ്ദമായ നടത്തമായിരുന്നു നടത്തം. ബിസിഎം കോളേജിലെ എൻ.എസ്.എസ് വിഭാഗമാണ് ഫ്രീഡം വാക്കിന് നേതൃത്വം നൽകിയത്.

കേരളത്തിലുടനീളമായി കോഴിക്കോട്, ഏറ്റുമാനൂർ, വയനാട്, മുണ്ടക്കയം എന്നിവിടങ്ങളിലാണ് ഫ്രീഡം വാക്ക് സംഘടിപ്പിച്ചത്.



# അദാനി എനർജി സൊലൂഷൻസിന്റെ 765 കെവി ലൈൻ കമ്മീഷൻ ചെയ്തു

**കൊച്ചി:** ദേശീയ ഗ്രിഡിനെ ശക്തിപ്പെടുത്തുന്ന അദാനി എനർജി സൊലൂഷൻസിന്റെ 1756 കിലോമീറ്റർ വരുന്ന വരോറകുർണൂൾ 765 കെവി പ്രസരണ ലൈൻ കമ്മീഷൻ ചെയ്തു.

മഹാരാഷ്ട്ര, തെലുങ്കാന, ആന്ധ്രാ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലൂടെയാണ് ഈ ലൈൻ. ഇതോടു കൂടി അദാനി എനർജി സൊലൂഷൻസിന്റെ സാന്നിധ്യം രാജ്യത്തിന്റെ എല്ലാ റീജിയണുകളിലും എത്തും.

എഞ്ചിനീയറിങ് വൈദഗ്ദ്ധ്യം അവതരിപ്പിക്കുന്ന മെഗാ ടവറുകളുമായി ഇതാദ്യമായ കൃഷ്ണ, ഗോദാവരി നദികളെ കടക്കുന്ന നിർമിതിയും പുതിയ ലൈനിന്റെ ഭാഗമാണ്. രാജ്യത്തിന്റെ പടിഞ്ഞാറൻ റീജിയണിൽ നിന്നു ദക്ഷിണ റീജിയണിലേക്ക് 4500 മെഗാവാട്ട് വൈദ്യുതിയുടെ തടസമില്ലാത്ത പ്രസരണം സാധ്യമാക്കുന്നതാണ് പുതിയ ലൈൻ.

# കാർബൂട്ട് സെയിൽ ചെറുകിട വ്യാപാര മേഖലയെ ഇല്ലാതാക്കും : കെ.എച്ച്.ആർ.എ.

**കൊച്ചി:** കാർബൂട്ട് സെയിൽ എന്ന പേരിൽ വഴിയോര കച്ചവടത്തിനനുമതി നൽകുന്ന തീരുമാനം ചെറുകിട വ്യാപാരമേഖലയെ ഇല്ലാതാക്കുമെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാകമ്മിറ്റി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് അടക്കമുള്ള അനുമതി കരസ്ഥമാക്കി ലക്ഷങ്ങളുടെ മുതൽമുടക്കിൽ പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്ന ചെറുകിട വ്യാരസ്ഥാപനങ്ങളെ തകർക്കുന്നതാണ് കാർബൂട്ട് സെയിൽ. കൂടാതെ ജി.എസ്.ടി. ആടക്കമുള്ള നികുതിവരുമാനം സർക്കാരിന് നഷ്ടമാകുവാനും ഇത് ഇടയാക്കിയേക്കും.

ആർക്കും ഒരുകാറിൽകൊണ്ടുവന്ന് വഴിയോരത്ത് ഭക്ഷണമടക്കമുള്ള വസ്തുക്കൾ വിൽക്കാമെന്നാണ് കാർബൂട്ട് സെയിലിലൂടെ ലക്ഷ്യമിടുന്നത്. ഇതിന് ജി.സി.ഡി.എ., കൊച്ചി കോർപ്പറേഷൻ പോലുള്ള സ്ഥാപനങ്ങൾ പിന്തുണക്കുന്നത് ഖേദകരമാണ്. ഇത്തരം വ്യാപാരദ്രോഹ നടപടികളിൽനിന്ന് ബന്ധപ്പെട്ടവർ പിൻവാങ്ങണമെന്നും അല്ലാത്തപക്ഷം സ്ഥാപനങ്ങളടച്ചുകൊണ്ടുള്ള ശക്തമായ സമരപരിപാടികൾ ആവിഷ്ക്കരിക്കുമെന്നും ജില്ലാപ്രസിഡന്റ് ടി. ജെ. മനോഹരനും, ജില്ലാസെക്രട്ടറി കെ. ടി. റഹിമും ആവശ്യപ്പെട്ടു.

# ഗോൾഡ് ലോൺ: മുത്തൂറ്റ് ഫിൻകോർപ്പ് വൺ ആപ്പ് അവതരിപ്പിച്ചു

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ (മുത്തൂറ്റ് ബ്ലൂ) മുൻനിര കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് മുത്തൂറ്റ് ഫിൻകോർപ്പ് വൺ എന്ന പേരിൽ ഓൾഇൻ വൺ ഡിജിറ്റൽ ഫിനാൻഷ്യൽ പ്ലാറ്റ്ഫോം പുറത്തിറക്കി. ഇത് ഉപയോഗിച്ച്, ഉപഭോക്താക്കൾക്ക് ഇപ്പോൾ വെറും 30 മിനിറ്റിനുള്ളിൽ വീട്ടിലിരുന്നോ ബ്രാഞ്ചിൽ നിന്നോ ഗോൾഡ് ലോൺ നേടാമെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു.

വായ്പയ്ക്കായുള്ള ഗോൾഡ് ലോണുകൾക്കൊപ്പം എംഎസ്എംഇ വായ്പകളും ഉൾപ്പെടുന്ന നിരവധി സാമ്പത്തിക സേവനങ്ങളും മുത്തൂറ്റ് ഫിൻകോർപ്പ് വൺ വാഗ്ദാനം ചെയ്യുന്നു. മുത്തൂറ്റ് ഫിൻകോർപ്പ് വണ്ണിന്റെ ഗോൾഡ് ലോൺ ഫ്രം ഹോം എന്നത് ഉപഭോക്താക്കൾക്ക് അവരുടെ വീട്ടിലിരുന്ന് തന്നെ അവരുടെ സ്വർണ്ണാഭരണങ്ങളിൽ നിന്ന് വായ്പ നേടാനാവുന്ന ഒരു സേവനമാണ്. ഇത് സൗകര്യപ്രദവും, സുരക്ഷിതവും, തടസ്സങ്ങളില്ലാത്തതുമാണ്. വായ്പ വിതരണം ചെയ്യാൻ 30 മിനിറ്റ് സമയം മാത്രമാണ് എടുക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.



# പ്രാദേശിക കായിക രംഗത്തെ ദേശീയ തലത്തിലേക്ക് ഉയർത്തണം: മന്ത്രി കെ രാധാകൃഷ്ണൻ

## കായിക മാമാങ്കം കൊടിയിറങ്ങി

**തൃശൂർ:** കായിക രംഗത്തെ പ്രാദേശിക തലത്തിൽ നിന്നും ഉയർത്തി ദേശീയ തലത്തെത്തിക്കാൻ കൂട്ടായ പ്രവർത്തനം വേണമെന്ന് പട്ടികവർഗ്ഗ പിന്നോക്ക വികസന ദേവസ്വം പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ. കുന്നംകുളത്ത് നടന്ന 65മത് സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാരിന്റേത്. താഴെ തട്ട് മുതൽ സർക്കാർ അതിനുള്ള പ്രോത്സാഹനം നൽകി വരുന്നുണ്ട്. കായിക മേഖലയിൽ ഏഴ് വർഷം കൊണ്ട് 700 പേർക്ക് ജോലി നൽകാൻ സർക്കാരിന് കഴിഞ്ഞു. പഠനത്തിലും കായിക രംഗത്തും കുട്ടികളെ മികച്ച രീതിയിൽ വളർത്തിയെടുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

65മത് കായികോത്സവത്തിന്റെ സംഘാടനം ചരിത്രത്തിലിടംപിടിക്കുന്ന വിധം മികവുറ്റതായെന്നും മന്ത്രി അഭിപ്രായപ്പെട്ടു. വിജയികൾക്കുള്ള സമ്മാനദാനവും സുവനീർ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു.

ചടങ്ങിൽ എ സി മൊയ്തീൻ എംഎൽഎ അധ്യക്ഷത വഹിച്ചു.

എംഎൽഎമാരായ വി ആർ സുനിൽകുമാർ, സനീഷ് കുമാർ ജോസഫ്, പി മമ്മിക്കുട്ടി തുടങ്ങിയവർ മുഖ്യാതിഥികളായി. ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആൻസി വില്യംസ്, സ്പോട്സ് ഓർഗനൈസർ എൽ ഹരീഷ് ശങ്കർ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സാംബശിവൻ, പഞ്ചായത്ത് പ്രസിഡന്റ്മാർ,കുന്നംകുളം നഗരസഭാ സ്ഥിരം സമിതി അധ്യക്ഷന്മാർ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, കായിക വകുപ്പ് ഉദ്യോഗസ്ഥർ, കായിക താരങ്ങൾ, ജനപ്രതിനിധികൾ, തുടങ്ങിയവർ പങ്കെടുത്തു. കുന്നംകുളം നഗരസഭ ചെയർപേഴ്സൺ സീത രവീന്ദ്രൻ സ്വാഗതവും പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ എം കെ ഷൈൻ മോൻ നന്ദിയും പറഞ്ഞു.

# ഡിജിറ്റൽ റീസർവ്വെ രണ്ടാം ഘട്ടത്തിന് സംസ്ഥാനത്ത് തുടക്കമായി

**തൃശൂർ:** ഭൂസേവനങ്ങൾ വേഗത്തിലും സുതാര്യവുമാകാൻ സംസ്ഥാന സർക്കാർ നടപ്പാക്കിയ ഡിജിറ്റൽ റീസർവ്വെയുടെ ഒന്നാം ഘട്ടം പൂർത്തിയായപ്പോൾ കേരളത്തിൽ 1.60 ലക്ഷം ഹെക്ടർ ഭൂമി അളന്നതായി റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. ഡിജിറ്റൽ റീസർവ്വെയുടെ രണ്ടാംഘട്ടത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൃശ്ശൂർ പാറമേക്കാവ് പുഷ്പാഞ്ജലി ഓഡിറ്റോറിയത്തിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

11 മാസങ്ങൾക്കുള്ളിലാണ് അഭിമാനകരമായ ഈ നേട്ടം സംസ്ഥാനം കൈവരിച്ചത്. സംസ്ഥാനത്തെ 200 വില്ലേജുകളിലാണ് 1.60 ഹെക്ടർ ഭൂമിയിൽ സർവേ നടപടികൾ പൂർത്തിയായിരിക്കുന്നത്. 1995 മുതൽ 2022 വരെ ആകെ 72,000 ഹെക്ടർ ഭൂമിയിൽ മാത്രം റീസർവേ നടപടികൾ പൂർത്തിയാക്കിയ സ്ഥാനത്താണ് 2022 നവംബർ ഒന്നിന് ആരംഭിച്ച ഡിജിറ്റൽ റീസർവേയിലൂടെ ഇത്രയേറെ ഭൂമി അളക്കാനായതെന്നും മന്ത്രി പറഞ്ഞു .

തൃശ്ശൂർ ജില്ലയിലെ 23 വില്ലേജുകളിൽ ഡിജിറ്റൽ റീ സർവ്വെ നടത്തിയാണ് രണ്ടാംഘട്ടത്തിന് തുടക്കമാവുക. ഡിജിറ്റൽ സർവേയിലൂടെ ലഭ്യമാക്കുന്ന ഭൂമി സംബന്ധമായ വിവരങ്ങൾ എന്റെ ഭൂമി പോർട്ടൽ വഴി ആർക്കും മൊബെൽ വഴി പരിശോധിക്കാം. സർവേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ വിവരങ്ങൾ സമന്വയിപ്പിച്ച് എന്റെ ഭൂമി ഇന്റഗ്രേറ്റഡ് പോർട്ടൽ അടുത്ത മാസത്തോടെ നിലവിൽ വരും. ചടങ്ങിൽ പി ബാലചന്ദ്രൻ എംഎൽഎ അധ്യക്ഷനായി. മേയർ എം കെ വർഗീസ്, ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ, ഡെപ്യൂട്ടി മേയർ എം എൽ റോസി, കോർപ്പറേഷൻ കൗൺസിലർ പൂർണിമ സുരേഷ്, ജില്ലാ കളക്ടർ വി ആർ കൃഷ്ണ തേജ, സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടർ സീറാം സാംബശിവ റാവു, അസിസ്റ്റന്റ് കളക്ടർ കാർത്തിക് പാണിഗ്രാഹി, എഡിഎം ടി മുരളി, മറ്റു ജനപ്രതിനിധികൾ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ,സർവേ ഡെപ്യൂട്ടി ഡയറക്ടർ പി കെ ഷാലി,സർവേ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു.



# ടുഗെദർ ഫോർ തൃശൂർ പദ്ധതിക്ക് തുടക്കമായി

## 2024 ജനുവരി ഒന്നോടെ അതിദരിദ്രരില്ലാത്ത ജില്ലയായി തൃശൂർ മാറും: മന്ത്രി കെ രാജൻ




**തൃശൂർ:** 2024 ജനുവരി 1 ന് മുൻപായി തൃശ്ശൂർ ജില്ലയിലെ 4734 അതിദാരിദ്രകുടുംബങ്ങൾക്കും അതിദാരിദ്ര്യനിർമാർജ്ജന പദ്ധതിയുടെ ഗുണഫലങ്ങൾ ഉറപ്പാക്കുമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ ടുഗെതർ ഫോർ തൃശ്ശൂരിന്റെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. 2025 നവംബർ ഒന്നിന് മുൻപായി സംസ്ഥാനത്തുടനീളം അതിദരിദ്രർ ഇല്ലാത്ത കുടുംബങ്ങൾ എന്ന ലക്ഷ്യം സർക്കാർ കൈവരിക്കും.

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാനത്തെ 64,061 അതി ദരിദ്രകുടുംബങ്ങളുടെയും ജീവിത നിലവാരം ഉയർത്താനും സർക്കാർ ലക്ഷ്യമിടുന്നതായി മന്ത്രി പറഞ്ഞു. ജില്ലയിലെ അതിദരിദ്രർക്ക് സഹായഹസ്തവുമായി ടുഗെതർ ഫോർ തൃശ്ശൂർ എന്ന പദ്ധതിക്ക് ചുക്കാൻ പിടിക്കുന്ന ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജയെ മന്ത്രി അനുമോദിച്ചു.

ടുഗെതർ ഫോർ തൃശ്ശൂർ പദ്ധതിയുടെ ലോഗോ പ്രകാശനം മന്ത്രി കെ രാജൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ, ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ എന്നിവർ ചേർന്ന് നിർവഹിച്ചു. 462 കുടുംബങ്ങൾക്ക് സഹായഹസ്തം നൽകാൻ സന്നദ്ധരായി എത്തിയ 13 സ്പോൺസർമാരെ ചടങ്ങിൽ ആദരിച്ചു. നൂറു കുടുംബങ്ങൾക്ക് ആശ്രയമായി മാറുന്ന കുടുംബശ്രീ ജില്ലാ മിഷൻ& സ്റ്റാഫ് യൂണിയൻ, ചെമ്പുക്കാവ് കെഎസ്എഫ്ഇ, മണപ്പുറം ഫിനാൻസ് എന്നിവരെയും സഹായഹസ്തവുമായി മുൻപോട്ട് വന്ന ആദ്യ തദ്ദേശ സ്വയംഭരണ സ്ഥാപനമായ വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും മറ്റ് സ്പോൺസർമാരായ നിറ്റ ജലാറ്റിൻ, വല്ലച്ചിറ സ്നേഹ ചാരിറ്റീസ്, ദയ ഹോസ്പിറ്റൽ, ധനലക്ഷ്മി മൾട്ടി സ്റ്റേറ്റ് അഗ്രി കോപ്പറേറ്റീവ് സൊസൈറ്റി, സി ഫോർ ചാരിറ്റി ട്രസ്റ്റ്, എടക്കളത്തൂർ ദേശാഭിമാനി കലാകായിക സാംസ്കാരിക വേദി, ഓഷ്യൻ ഗ്രൂപ്പ്, എലൈറ്റ് ഗ്രൂപ്പ്, ബദറുദ്ദീൻ എടക്കാട്ടുതറ എന്നിവരെയുമാണ് ചടങ്ങിൽ ആദരിച്ചത്.

മാലിന്യമുക്തിയ്ക്കായി കേരളം നടത്തുന്ന യുദ്ധത്തിൽ പങ്കാളികളാകാനും മന്ത്രി കെ രാജൻ ആഹ്വാനം ചെയ്തു. അതിദാരിദ്ര്യ നിർമാർജനത്തിനൊപ്പം മാലിന്യനിർമാർജനവും ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ് മന്ത്രി വ്യക്തമാക്കി. മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നികുതിയായി ഈടാക്കുന്നതിനുള്ള ഓർഡിനൻസ് പുറത്തിറക്കുന്നത് പരിഗണനയിൽ ആണെന്നും മന്ത്രി കൂട്ടിച്ചേർത്തു. പരിപാടിയിൽ മാലിന്യ മുക്ത നവ കേരളത്തിനായുള്ള പ്രതിജ്ഞ ഏവരും ചൊല്ലി.

രാമവർമ്മപുരം വിജ്ഞാൻ സാഗർ സയൻസ് ആന്റ് ടെക്നോളജി പാർക്ക് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ മഞ്ജുള അരുണൻ, അഹമ്മദ് പി എം, വിഎസ് പ്രിൻസ്, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡണ്ടുമാർ, അതിദാരിദ്ര്യം നിർമ്മാർജ്ജന പദ്ധതി ജില്ലാ നോഡൽ ഓഫീസർ സറീന എ റഹ്മാൻ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ജില്ലയിലെ അതിദരിദ്ര കുടുംബങ്ങൾക്ക് ആഹാരം ഉറപ്പാക്കുന്ന ജില്ലാ ഭരണകൂടത്തിന്റെ ടുഗെതർ ഫോർ തൃശ്ശൂർ പദ്ധതിയ്ക്ക് തുടക്കമായി. ജില്ലയിലെ 4743 അതിദാരിദ്ര്യ കുടുംബങ്ങളാണ് പദ്ധതിയിലൂടെ സഹായഹസ്തം ലഭ്യമാവുക. ഇവർക്കായി വിവിധ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതാണ് പദ്ധതി. സൗജന്യ റേഷൻ ലഭിക്കുന്നതിന് പുറമേ പ്രതിമാസം ഏകദേശം 700 രൂപ വിലവരുന്ന പലവ്യഞ്ജനങ്ങൾ അടങ്ങിയ കിറ്റ് ഈ കുടുംബങ്ങൾക്ക് പദ്ധതിയിലൂടെ ലഭ്യമാക്കും. ഇതിനോടകം 462 കുടുംബങ്ങൾക്ക് 13 സ്പോൺസർമാരിലൂടെ സഹായം നൽകാൻ ജില്ലാ ഭരണകൂടത്തിന് കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കൈത്താങ്ങും പിന്തുണയുമായി മാറുന്ന പുത്തൻ മാതൃക കൂടിയാണ് ടുഗെതർ ഫോർ തൃശ്ശൂരെന്ന ആശയം.

ടുഗെതർ ഫോർ തൃശ്ശൂർ പദ്ധതിയിൽ അതിദരിദ്ര കുടുംബങ്ങൾക്കുള്ള സഹായപദ്ധതിയിൽ സ്പോൺസർമാരാകാൻ താൽപര്യമുള്ളവർക്ക് തദ്ദേശ സ്ഥാപനങ്ങളെയോ കലക്ടറേറ്റിലോ ബന്ധപ്പെടാം. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ജില്ലാ നോഡൽ ഓഫിസറെ ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 9567450970.

---

## കൊച്ചി മേയേഴ്സ് കപ്പ്: സ്കൂൾ കോളജ് വിദ്യാർത്ഥികൾക്കായി ഫുട്ബോൾ മത്സരം

**കൊച്ചി:** സന്തോഷ് ട്രോഫി ചരിത്ര വിജയാഘോഷത്തിൻറെ ഭാഗമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ കൊച്ചി മേയേഴ്സ് ട്രോഫി ഫുട്ബോൾ മൽസരം സംഘടിപ്പിക്കുന്നു.

ടൂർണ്ണമെൻറിൽ പങ്കെടുക്കുന്നതിന് കൊച്ചി കോർപ്പറേഷൻ അതിർത്തിയിൽ പ്രവർത്തിക്കുന്ന സ്ക്കൂളുകളിലേയും കോളേജിലെയും ടീമുകളുടെ അപേക്ഷ ക്ഷണിച്ചു. പത്താംക്ലാസ്, പ്ലസ് ടു, കോളജ് എന്നീ വിഭാഗങ്ങളിൽ പുരുഷ വനിത ടീമുകളുടെ മത്സരമാണ് സംഘടിപ്പിക്കുന്നത്. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഒക്ടോബർ 27ന് മുമ്പായി കൊച്ചി കോർപ്പറേഷൻ വിദ്യാഭ്യാസ കായിക കാര്യ സ്ഥിരം സമിതി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം.

## ഫാഷൻ ഡിസൈൻ ടെക്നോളജി ഇൻസ്ട്രക്ടർ നിയമനം

**കൊച്ചി:** കളമശ്ശേരി ഗവ. വനിത ഐ.ടി. ഐയിൽ ഫാഷൻ ഡിസൈൻ ടെക്നോളജി ഇൻസ്ട്രക്ടർ ഒഴിവിലേക്ക് നിയമനം നടത്തുന്നു.

താല്പര്യമുള്ളവർ ഒക്ടോബർ 26ന് രാവിലെ 11.30ന് നടക്കുന്ന അഭിമുഖത്തിൽ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം പങ്കെടുക്കേണ്ടതാണ്.

ഫാഷൻ ഡിസൈനിങ് അല്ലെങ്കിൽ ഫാഷൻ ടെക്നോളജിയിൽ ബിരുദം, ഡിപ്ലോമ ,രണ്ട് വർഷത്തെ പ്രവൃത്തി പരിയം തുടങ്ങിയ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0484 2544750

## കൊല്ലം കോടതി സമുച്ചയ നിർമാണത്തിന് 78.20 കോടിയുടെ പദ്ധതി




**കൊല്ലം:** കലക്ടറേറ്റിനു സമീപം കോടതി സമുച്ചയ നിർമാണത്തിന് 78.20 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയതായി മന്ത്രി കെ.എൻ.ബാലഗോപാൽ അറിയിച്ചു. ടെൻഡർ നടപടി കഴിഞ്ഞാലുടൻ നിർമാണത്തിലേക്ക് കടക്കും.1.65 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ 4 നിലകളിലായാണ് സമുച്ചയം നിർമിക്കുന്നത്. കഴിഞ്ഞ ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് കലക്ടറേറ്റിനു സമീപം എൻജിഒ ക്വാർട്ടേഴ്സിന്റെ ഭാഗമായ രണ്ടര ഏക്കർ ഭൂമി കോടതി സമുച്ചയ നിർമാണത്തിന് ജുഡീഷ്യറി വകുപ്പിന് കൈമാറിയിരുന്നു.

സമുച്ചയ നിർമാണം പൂർത്തിയാകുന്നതോടെ സിവിൽ സ്റ്റേഷനിൽ നിന്ന് 17 കോടതികളും 25 ലേറെ അനുബന്ധ ഓഫിസുകളും ഇവിടേക്ക് മാറും. സിവിൽ സ്റ്റേഷനിലെ സ്ഥല പരിമിതി ബുദ്ധിമുട്ടുകളും ഒഴിവാകും. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഓഫിസുകൾ സിവിൽ സ്റ്റേഷനിലേക്ക് മാറ്റാൻ കഴിയും.

കോടതികളിലും മതിയായ സ്ഥലസൗകര്യം ലഭിക്കും.

25,765 ചതുരശ്ര അടി വിസ്തീർണത്തിൽ കോടതി ഹാൾ, 11,115 ചതുരശ്ര അടിയിൽ ചേംബർ ഏരിയ, 7370 ചതുരശ്ര അടിയിൽ കോടതികളിൽ എത്തുന്നവർക്കായി വെയിറ്റിങ് ഏരിയ, 46,000 ചതുരശ്ര അടി വിസ്തീർണത്തിൽ ഓഫിസ് ഹാൾ എന്നിവയാണ് നിർമിക്കുന്നത്.

ദീർഘകാല സ്വപ്നമായിരുന്ന കോടതി സമുച്ചയത്തിന് തുക അനുവദിച്ച നടപടിയെ കൊല്ലം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ.ബോറിസ് പോൾ, സെക്രട്ടറി അഡ്വ. കെ.ബി.മഹേന്ദ്ര എന്നിവർ നന്ദി അറിയിച്ചു.



# വിഴിഞ്ഞം: ചൈനയിൽനിന്നെത്തിച്ച ഒരു ക്രെയിൽ ഇറക്കി

**വിഴിഞ്ഞം:** അഞ്ച് ദിവസത്തെ കാത്തിരിപ്പിനു ശേഷം കടൽ ക്ഷോഭത്തിന് നേരിയ ശമനമുണ്ടായി. നൂറോളം വിദഗ്ധ തൊഴിലാളികൾ നാല് മണിക്കൂർ പണിപ്പെട്ട് ഒരു യാർഡ് ക്രെയിൽ കപ്പലിൽ നിന്ന് ഇറക്കി. 30 മീറ്റർ ഉയരമുള്ള രണ്ട് റെയിൻ മൗണ്ടഡ് ഗാൻട്രി ക്രെയിനുകളിൽ ഒന്നാണ് ഇന്നലെ രാവിലെ വാർഫിലേക്ക് മാറ്റിയത്.

ഷെൻ ഹുവാ കപ്പലിനെ വാർഫിന് സമാന്തരമായി താഴ്ത്തിയ ശേഷം പുറത്തിറക്കിയ ക്രെയിനിനെ ഉച്ചയോടെ ഉറപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയതായും അധികൃതർ അറിയിച്ചു.

ഇനി 90 മീറ്റർ ഉയരത്തിലുള്ള ഒരു സൂപ്പർ പോസ്റ്റ് പാനാ മാക്സ് ക്രെയിനും റെയിൽ മൗണ്ടഡ് ക്രെയിനും ഇറക്കണം. കാലാവസ്ഥ കൂടുതൽ അനുകൂലമായാൽ ഇന്ന് മുതൽ മറ്റുള്ളവയുടെ കാര്യത്തിലും തീരുമാനമുണ്ടാകും.

വാർഫിൽ ഇറങ്ങാൻ അനുമതി ലഭിച്ച മൂന്ന് ചൈനീസ് തൊഴിലാളികൾ ഉൾപ്പെടെയുള്ളവരും അദാനി ഗ്രൂപ്പിലെ വിദഗ്ദ തൊഴിലാളികളും ചേർന്നുള്ള സംഘമാണ് ക്രെയിനുകളെ പുറത്തിറക്കി ഉറപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നത്.

നാവികർക്ക് പരിശീലനം നൽകുന്ന സേനയുടെ കപ്പലുകൾ വിഴിഞ്ഞം പുറം കടലിൽ നങ്കൂരമിട്ടു. കൊച്ചിയിൽ നിന്നുള്ള നാവിക സേനയുടെ രണ്ടും കോസ്റ്റ് ഗാർഡിന്റെ ഒരു കപ്പലുമാണ് ഇന്നലെ ഉച്ചയോടെ തീരത്ത് എത്തിയത്.

അവധിക്ക് നാട്ടിലേക്ക് പോകുന്നതിനുള്ള ഒരു ജീവനക്കാരനെ വിഴിഞ്ഞത്ത് ഇറക്കിയതായും അറിയുന്നു. കടൽ രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായുള്ളവരവാണെന്ന് അധികൃതർ അറിയിച്ചു.

# വെള്ളം ഒഴിയാതെ പടിഞ്ഞാറൻ പാടങ്ങൾ, നെൽകൃഷി വൈകും

**നിരണം:** തുടർച്ചയായ മഴ പടിഞ്ഞാറൻ മേഖലയിൽ നെൽകർഷകരെ പ്രതിസന്ധിയിലാഴ്ത്തുന്നു. വെള്ളം കയറിയ പാടങ്ങൾ കൃഷിക്ക് അനുയോജ്യമാക്കാനാകാത്തതാണ് പ്രശ്നം. ഇടവപ്പാതി ശക്തമല്ലായിരുന്നെങ്കിലും ഓഗസ്റ്റ് അവസാനം ലഭിച്ചു തുടങ്ങിയ മഴ ഇപ്പോഴും തുടരുകയാണ്. തുലാംവർഷംകൂടി പെയ്തു കഴിഞ്ഞെങ്കിൽ മാത്രമേ പാടത്തുനിന്ന് വെള്ളം ഇറങ്ങൂവെന്നതാണ് സ്ഥിതി.

വെള്ളം വറ്റിച്ച് കൃഷി ഇറക്കിയിരുന്ന അപ്പർകുട്ടനാടൻ പാടശേഖരങ്ങളിൽ ഇക്കുറി അതും കഴിയുന്നില്ല. തോടുകളെല്ലാം നിറഞ്ഞതോടെ പാടത്തുനിന്ന് വെള്ളം വറ്റിക്കാൻ കഴിയാത്ത അവസ്ഥയാണ്.

സാധാരണ നിലയിൽ ഒക്ടോബറിൽ വെള്ളം വറ്റിച്ച് നിലമൊരുക്കാനാകുമായിരുന്നുവെന്ന് കർഷകർ പറയുന്നു. നവംബർ ആദ്യവാരം വിത്ത് വിതയ്ക്കുകയായിരുന്നു രീതി. എങ്കിൽ മാത്രമേ വേനൽമഴയ്ക്കു മുന്പായി കൊയ്ത്ത് പൂർണമാക്കാനാകൂ. ഇത്തവണ കൃഷി ഇറക്കാൻ കുറഞ്ഞത് ഒരു മാസംകൂടി കാത്തിരിക്കേണ്ടിവരും. പാടശേഖരങ്ങളിൽനിന്ന് വെള്ളം ഒഴുക്കിവിടുന്നതിനുള്ള പന്പിംഗ് ലേലം ഓഗസ്റ്റിൽ നടത്തി. എല്ലായിടത്തും പെട്ടിയും പറയും എത്തിച്ച് കാത്തിരിക്കുകയാണ്.



പാടത്തുനിന്ന് വെള്ളം സമീപ തോടുകളിലേക്കാണ് ഇറക്കിവിടേണ്ടത്. എന്നാൽ തോടും പാടവും ഒരേപോലെ വെള്ളം നിറഞ്ഞു കിടക്കുന്നതാണ് പ്രതിസന്ധി. പന്പിംഗ് ഇതുമൂലം തടസപ്പെടും. അപ്പർകുട്ടനാട്ടിലെ നിരണം, വെള്ളാരങ്കരി പാടത്താണ് എല്ലാവർഷവും ആദ്യം വിത്ത് വിതയ്ക്കുന്നത്. വെള്ളാരങ്കര പാടശേഖരത്തിൽ പന്പയിൽനിന്ന് കോലയാറ്റിലൂടെയാണ് ആറ്റുവെള്ളം എത്തുന്നത്. പുറംബണ്ടുകൾ സുരക്ഷിതമല്ലാത്തതിനാൽ ആറ്റുവെള്ളവും പാടത്തേക്കു കയറും.

മണിമലയാറ്റിലെ തുടർച്ചയായ വെള്ളപ്പൊക്കവും പടിഞ്ഞാറൻ മേഖലയ്ക്കു ഭീഷണിയാണ്. 2018 നു മുമ്പ് മണിമലയുടെ സമീപ നദികളായ പമ്പ, അച്ചൻകോവിൽ, മീനച്ചിൽ എന്നീ നദികൾ കരകവിഞ്ഞാൽ മാത്രമേ മണിമലയാറ്റിൽ വെള്ളപ്പൊക്കം ഉണ്ടാകാറുണ്ടായിരുന്നുള്ളൂ.

മണിമലയാറിന് ഡാമുകൾ ഇല്ലാത്തതിനാൽ വരുന്ന വെള്ളം അതേപോലെ പടിഞ്ഞാറൻ മേഖലയിലേക്ക് ഒഴുകിയെത്തുകയാണ് പതിവ്. ഇത് തോടുകളിലൂടെ കടന്ന് പാടശേഖരങ്ങളിലേക്കും വ്യാപിക്കും.

## നാനോ പദാർത്ഥങ്ങളിലെ പുതിയ മുന്നേറ്റങ്ങൾ; ദ്വിദിന ദേശീയ സെമിനാർ

**കൊച്ചി:** നാനോ സയൻസിലെയും നാനോ പദാർത്ഥങ്ങളിലെയും പുതിയ മുന്നേറ്റങ്ങളെ സംബന്ധിച്ച് മഹാരാജാസ് കോളേജിലെ ഫിസിക്സ് വകുപ്പ് സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാർ സമാപിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച സെമിനാർ സിമെറ്റ് കേരളയിലെ ശാസ്ത്രജ്ഞ ഡോ.ടി. രാധിക ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. ടി.വി. സുജ അധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പൽ ഡോ. പൂജ സുബ്രഹ്മണ്യം, ഡോ എം.എസ്. മുരളി, ഡോ. ജോളി വി ആന്റണി, ഫിസിക്സ് വകുപ്പ് മേധാവി ഡോ. ആർ ശ്രീജ, ഡോ. എസ്. രേഖ എന്നിവർ സംസാരിച്ചു.

ഡോ. ടി. രാധിക, ഡോ. പ്രശാന്ത് രവീന്ദ്ര9 (പോണ്ടിച്ചേരി സർവകലാശാല), ഡോ. കെ.സി വിൽസൺ, ഡോ. ആർ മനോജ്. ഡോ. സിന്ധു (കോഴിക്കോട് സർവകലാശാല), ഡോ. പി.എം അനീഷ് (കേന്ദ്ര സർവകലാശാല, കാസർകോട്) എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. സെമിനാറിൽ പങ്കെടുത്തവരുടെ പോസ്റ്റർ അവതരണവും ഉണ്ടായിരുന്നു.

## ജി.എൻ.എം അഡ്മിഷൻ രണ്ടാം ഘട്ടം അലോട്ട്മെന്റ് 2023 ഒക്ടോബർ 27ന്

**കോഴിക്കോട്:** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കായി 202324 ൽ നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സിലേക്കുള്ള പ്രവേശന നടപടികളുമായി ബന്ധപ്പെട്ട് രണ്ടാം ഘട്ടം അലോട്ട്മെന്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഒന്നാം ഘട്ടം അലോട്ട്മെന്റിനു ശേഷം ഒഴിവുണ്ടായ ഏഴ് സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് ഒക്ടോബർ 27ന് രാവിലെ 11 മുതൽ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ (മെഡിക്കൽ കോളജ് പി. ഒ., തിരുവനന്തപുരം) നടത്തും. തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളജിൽ എസ്.സി വിഭാഗം ആൺകുട്ടികളുടെ ഒരു ഒഴിവ്, എസ്.സി വിഭാഗം പെൺകുട്ടികളുടെ മൂന്ന് ഒഴിവ്, കോട്ടയം സർക്കാർ നഴ്സിംഗ് കോളജിൽ എസ്.ടി വിഭാഗം പെൺകുട്ടികളുടെ ഒരു ഒഴിവ്, കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളജിൽ എസ്.സി വിഭാഗം പെൺകുട്ടികളുടെ രണ്ട് ഒഴിവ് എന്നിവ അന്നു നടത്തുനന ഇന്റർവ്യൂവിലൂടെ നികത്തും.

വിജ്ഞാപനത്തിൽ നിശ്ചയിച്ചിരിക്കുനന പ്രകാരമുള്ള രാങ്ക് പരിധിയിൽ ഉൾപ്പെട്ട വിദ്യാർഥികൾക്ക് മാത്രമായിരിക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുന്നത്. അപ്രകാരം നിശ്ചിത റാങ്കിൽ ഉൾപ്പെട്ട വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ടോ, പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുനന പ്രകാരമുള്ള പ്രോക്സി മുഖാന്തിരമോ ഡി.എം.ഇ യുടെ വെബ്സൈറ്റായ www.dme.kerala.gov.in ൽ നൽകിയിട്ടുള്ള വിശദവിവരങ്ങൾ പരിശോധിച്ചു കൃത്യസമയത്ത് ഇന്റർവ്യൂന് ഹാജരാകണം.

## ഗോത്ര സംസ്കൃതിയുടെ നേർക്കാഴ്ചയുമായി ആദ്യ ലിവിങ് മ്യൂസിയമൊരുങ്ങുന്നു

**തിരുവനന്തപുരം:** സമസ്തമേഖലകളിലും കേരളത്തെ അടയാളപ്പെടുത്തുന്ന കേരളീയത്തിൽ ഗ്രോത സംസ്കൃതിയുടെ നേർക്കാഴ്ചയൊരുക്കി ലിവിങ് മ്യൂസിയവും ഒരുങ്ങുന്നു. സംസ്ഥാനത്ത് ആദ്യമായാണ് ഗോത്രസംസ്കൃതിയുടെ അനുഭവം പ്രദർശിപ്പിച്ചുകൊണ്ടുള്ള ലിവിങ് മ്യൂസിയം. കേരള സർക്കാരിന്റെ സാംസ്കാരിക സ്ഥാപനമായ കേരള ഫോക്ലോർ അക്കാദമിയുടെ നേതൃത്വത്തിലാണ് കനകക്കുന്നിൽ ലിവിങ് മ്യൂസിയം സജ്ജീകരിക്കുന്നത്. കേരളത്തിലെ കാണി, മന്നാൻ, ഊരാളികൾ, മാവിലർ, പളിയർ, എന്നീ അഞ്ചു ഗോത്രവിഭാഗങ്ങളുടെ തനതു ജീവിതശൈലിയും ആവാസവ്യവസ്ഥയും നവംബർ ഒന്നു മുതൽ ഏഴുവരെ 'ആദിമം ദി ലിവിങ് മ്യൂസിയം' എന്നു പേരിട്ട ഈ ലിവിങ് മ്യൂസിയത്തിൽ പുനരാവിഷ്കരിക്കും.

കേരളത്തിലെ തന്നെ ആദ്യ ലിവിങ് മ്യൂസിയത്തിന്റെ കാൽനാട്ടൽ ചടങ്ങ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഇന്നലെ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരവളപ്പിൽ നിർവഹിച്ചു. അഞ്ച് ഊരു മൂപ്പന്മാരുടെ അനുഗ്രഹാശിസുകളോടെയായിരുന്നു ചടങ്ങുകൾ.

ഗോത്രവിഭാഗങ്ങളുടെ തനതായ കലാരൂപങ്ങളുടെയും, വാദ്യ മേളങ്ങളുടെയും അകമ്പടിയോടെയായിരുന്നു ആരംഭം. നഗാര, തുടി, മത്താളം, കൊക്കര എന്നീ ഗോത്ര വാദ്യങ്ങളുടെ താളം പുതിയ അനുഭവമായി. പളിയ വിഭാഗത്തിന്റെ കുടിയുടെ കാൽനാട്ടലിന് ഊരുമൂപ്പൻ അരുവി, പ്രാർത്ഥനകളോടെ മന്ത്രിക്ക് ഈറ കൈമാറി തുടക്കം കുറിച്ചു. കാണി വിഭാഗം മൂപ്പൻ ചെമ്പൻകോട് മണികണ്ഠൻ, മന്നാൻ വിഭാഗം മൂപ്പൻ കുമാരൻ കൊക്കൻ, മാവിലർ വിഭാഗം മൂപ്പൻ ഭാസ്കരൻ, ഊരാളി വിഭാഗം മൂപ്പൻ ബാലൻ, എന്നിവരും അതത് കുടിലുകളുടെ കാൽനാട്ടലിനുള്ള ഈറ മന്ത്രിക്ക് കൈമാറി .

# എസ്ബിഐ കാർഡ്, ഫെസ്റ്റിവൽ ഓഫർ 2023 പ്രഖ്യാപിച്ചു

**ന്യൂഡൽഹി :** ഇന്ത്യയിലെ ഏറ്റവും വലിയ പ്യുവർപ്ലേ ക്രെഡിറ്റ് കാർഡ് വിതരണക്കാരായ എസ്ബിഐ കാർഡ്, 2023 ലെ ഉത്സവ സീസണിൽ ഇന്ത്യയിലുടനീളമുള്ള കാർഡ് ഉടമകൾക്കായി നിരവധി ആവേശകരമായ ഓഫറുകൾ അവതരിപ്പിച്ചു. ദശലക്ഷക്കണക്കിന് എസ്ബിഐ കാർഡ് ഉപഭോക്താക്കൾക്ക് ഓൺലൈനിലും ഓഫ് ലൈനിലും ഏകദേശം 2200 മർച്ചന്റ് ഫണ്ടഡ് ക്യാഷ് ബാക് ഓഫറുകൾ പ്രയോജനപ്പെടുത്താം. ടയർ 2, ടയർ 3 എന്നിവയുൾപ്പെടെ പ്രധാന നഗരങ്ങളിലെ ഓൺലൈൻ, ഓഫ്ലൈൻ വ്യാപാരികളിലുടനീളം ക്യാഷ്ബാക്ക് ഓഫറുകൾ ലഭ്യമാണ്. കൺസ്യൂമർ ഡ്യൂറബിൾസ്, മൊബൈലുകൾ, ലാപ്ടോപ്പുകൾ, ഫാഷൻ, ഫർണിച്ചറുകൾ, ആഭരണങ്ങൾ, പലചരക്ക് സാധനങ്ങൾ എന്നിവയുൾപ്പെടെ നിരവധി ജനപ്രിയ വിഭാഗങ്ങളിൽ ഓഫറുകളുടെ വിപുലമായ വ്യാപനമുണ്ട്. കാർഡ് ഹോൾഡർമാർക്ക് എളുപ്പത്തിൽ വലിയ പർച്ചേസുകൾ നടത്താനാകുമെന്ന് ഉറപ്പാക്കാൻ എസ്ബിഐ കാർഡ് നിരവധി മാർക്വീ ബ്രാൻഡുകൾക്കൊപ്പം നിരവധി ഇഎംഐ ഓഫറുകൾ എത്തിച്ചിട്ടുണ്ട്.




എസ്ബിഐ കാർഡ് ഉപഭോക്താക്കൾക്കുള്ള 2023ലെ ഉത്സവകാല ഓഫറിൽ 600ലധികം ദേശീയ തലത്തിലുള്ള ഓഫറുകളും 1500ലധികം പ്രാദേശിക, ഹൈപ്പർലോക്കൽ ഓഫറുകളും ഉൾപ്പെടുന്നു, അത് 2023 നവംബർ 15 വരെ സാധുതയുള്ളതാണ്. ഈ ഉത്സവ ഓഫറിന്റെ ഭാഗമായി 2700ലധികം നഗരങ്ങളിലെ എസ്ബിഐ കാർഡ് ഉപഭോക്താക്കൾക്ക് 27.5 % വരെ പ്രയോജനം നേടാം. ഫ്ലിപ്കാർട്ട്, ആമസോൺ, മിന്ത്ര, റിലയൻസ് റീട്ടെയിൽ ഗ്രൂപ്പ്, വെസ്റ്റ്സൈഡ്, പാന്റലൂൺസ്, മാക്സ്, തനിഷ്ക്, ടി.ബി.ഇസെഡ്. എന്നിവയുൾപ്പെടെയുള്ള വിവിധ പങ്കാളി ബ്രാൻഡുകളിലുടനീളം 27.5% ക്യാഷ്ബാക്കും തൽക്ഷണ കിഴിവും ഓഫറുകളും. പ്രധാനമായും, കൺസ്യൂമർ ഡ്യൂറബിൾസ്, മൊബൈൽ, ലാപ്ടോപ്പ് സെഗ്മെന്റുകളിലെ മുൻനിര ബ്രാൻഡുകളിൽ ഉടനീളം എസ്ബിഐ കാർഡിന്റെ ഇഎംഐ ഫോക്കസ്ഡ് ഓഫറുകൾ ലഭ്യമാണ്. പ്രധാന ബ്രാൻഡുകളിൽ സാംസങ്, എൽജി, സോണി, ഓപ്പോ, വിവോ, പാനസോണിക്, വേൾപൂൾ, ബോഷ്, ഐഎഫ്ബി, എച്ച്പി, ഡെൽ എന്നിവയും മറ്റും ഉൾപ്പെടുന്നു.

TVS EUROGRIP

## ഓഫ്ഹൈവേ ടയർ ബിസിനസ്സ് ആഗോള തലത്തിൽ വളർത്താനൊരുങ്ങി ടിവിഎസ് ശ്രീചക്ര ലിമിറ്റഡ്

**ചെന്നൈ:** ടിവിഎസ് ശ്രീചക്ര ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് യുഎസ്എയിൽ ഒരു സബ്സിഡിയറി കമ്പനി രൂപീകരിക്കുന്നതിന് അംഗീകാരം നൽകി. യുഎസ്എയിലെ സൂപ്പർ ഗ്രിപ്പ് കോർപ്പറേഷന്റെ ബിസിനസ്സ് ഏറ്റെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് യുഎസ് സബ്സിഡിയറി കമ്പനിയുടെ രൂപീകരണം.

വ്യാവസായിക ടയർ വിപണിയിൽ ഉയർന്ന നിലവാരമുള്ള ടയറുകളുടെ ആവശ്യകത നിറവേറ്റുന്നതിനായി ടെന്നസി ആസ്ഥാനമായി 1984ൽ സ്ഥാപിതമായ കമ്പനിയാണ് സൂപ്പർ ഗ്രിപ്പ് കോർപ്പറേഷൻ.

ടിവിഎസ് ശ്രീചക്രയെ സംബന്ധിച്ചിടത്തോളം, ഓഫ്ഹൈവേ ടയർ വിപണിയിലെ വളർച്ചയുടെ അജണ്ടയ്ക്ക് അനുസൃതമാണ് നിർദ്ദിഷ്ട ഏറ്റെടുക്കൽ. കമ്പനി ഈയിടെ മധുരയിലെ ഒരു പുതിയ പ്ലാന്റിൽ നിക്ഷേപം നടത്തിയിട്ടുണ്ട്, ഇത് ഓഫ് ഹൈവേ ടയർ ശേഷി ഇരട്ടിയാക്കുന്നു. ഈ നിക്ഷേപം പ്രധാനമായും ആഗോള വിപണികളെ ലക്ഷ്യം വച്ചുള്ളതാണ്.

# മേരി മട്ടി മേരാ ദേശ് ബ്ലോക്ക് തല മണ്ണ് ശേഖരണവും അമൃതകലശ യാത്രയും

**കൊച്ചി:** മേരി മട്ടി മേരാ ദേശ് ക്യാമ്പയിന്റെ ഭാഗമായി നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിൽ വാഴക്കുളം ബ്ലോക്ക് തലത്തിലുള്ള മണ്ണ് ശേഖരണവും അമൃതകലശ യാത്ര ആലുവ സെറ്റിൽമെന്റ് ഹൈസ്കൂളിൽ സംഘടിപ്പിച്ചു.

ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ പഞ്ചായത്തുകളും സ്കൂൾ, കോളേജുകളിലെ എൻ എസ് എസ് യൂണിറ്റുകളും കൊണ്ടുവന്ന അമൃത കലശങ്ങളിലെ മണ്ണ് ബ്ലോക്ക് തലത്തിൽ തയ്യാറാക്കിയ അമൃത കലശത്തിലേക്ക് ഏറ്റുവാങ്ങി. ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ് പരിപാടി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. ആർ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

പരിപാടിയിൽ പങ്കെടുത്തവർ പഞ്ച പ്രാൺ പ്രതിജ്ഞ ഏറ്റുചൊല്ലി. കടുങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ, കരുമാല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാൽ, വരാപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുറാണി, ആലങ്ങാട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ഷിബു സംസാരിച്ചു.

ആലുവ സെറ്റിൽമെന്റ് ഹൈസ്കൂളിൽ നിന്നും ആരംഭിച്ച അമൃതകലശയാത്രയിൽ ആലങ്ങാട് ബ്ലോക്കിലെ വിവിധ കലാലയങ്ങളിൽ നിന്നുള്ള അദ്ധ്യാപകരും വിദ്യാർഥികളും എം.ജി. എൻ.ആർ.ഇ.ജി.എസ് പ്രതിനിധികളും പങ്കെടുത്തു.

വിദ്യാർഥികളുടെ നേതൃത്വത്തിൽ കലാപരിപാടികളും അരങ്ങേറി. ബ്ലോക്ക് തലത്തിൽ ശേഖരിച്ച മണ്ണ് ഒക്ടോബർ 31 ഡൽഹിയിൽ നടക്കുന്ന ദേശീയ പരിപാടിയിലേക്ക് കൊണ്ടുപോകും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

## ദസറ സ്റ്റോറുമായി ആമസോൺ ഫ്രെഷ്

**കൊച്ചി:** നവരാത്രി ഉത്സവവേള ആഘോഷമാക്കാൻ ഋ ദസറ സ്റ്റോർ തുറന്ന് ആമസോൺ ഫ്രെഷ് . പൂജാവസ്തുക്കൾ, പൂക്കൾ, ഗിഫ്റ്റ് ഹാംപറുകൾ, മധുര പലഹാരങ്ങൾ, ഡ്രൈ ഫ്രൂട്ട്സ്, തുടങ്ങി ക്ലീനിംഗ്, ഗാർഹിക അവശ്യവസ്തുക്കൾ ഉൾപ്പെടെയെല്ലാം ലഭ്യമാണെന്ന് അധികൃതർ വ്യക്തമാക്കി. ഉപഭോക്താവ് നിശ്ചയിക്കുന്ന സമയത്ത് ഡോർ ഡെലിവറിക്കു സൗകര്യമുണ്ട്. ഓഫറുകളും ഡീലുകളും നേടാനുമാകും. നിരക്കിൽ ഇളവ് 50% . പുതിയ ഉപഭോക്താക്കൾക്ക് ആദ്യത്തെ 4 ഓർഡറുകൾക്ക് 400 രൂപ അധിക ക്യാഷ്ബാക്കും ലഭിക്കുമെന്നും ആമസോൺ അധികൃതർ പറഞ്ഞു.

## തെളിവെടുപ്പ് 27 ന്

**കൊച്ചി:** സംസ്ഥാനത്തെ പേപ്പർ പ്രൊഡക്ഷൻ ഇൻഡസ്ട്രിസ് മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള മിനിമം വേതന ഉപദേശക ഉപസമിതിയുടെ തെളിവെടുപ്പ് ഒക്ടോബർ 27 രാവിലെ 11ന് എറണാകുളം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കും. ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിലെ പ്രതിനിധികൾ ആണ് പങ്കെടുക്കേണ്ടത്. തെളിവെടുപ്പ് യോഗത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളി / തൊഴിലുടമ പ്രതിനിധികൾ പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ പി.ജി.വിനോദ് കുമാർ അറിയിച്ചു. ഫോൺ :8547655267.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com